A. M. D. G.

# കർമ്മെലകുസുമം.

ദൈവജനനിയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന
ഒരു കത്തോലിക്കാ മാസിക.

ഇരുപത്തഞ്ചാം പുസ്തകം.

## 1927 - 1928.

മഹാ വന്ദ്യ ദിവ്യശ്രീ
എർണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ
ആശീർവ്വാദം.

"......... കർമ്മെലകുസുമം ഒരു ഗൃഹമാസികയാണ്. അതു എല്ലാ കുടുംബങ്ങളിലും ഉണ്ടായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ പട്ടക്കാർ ഇതിനു നല്ലവണ്ണം ഉത്സാഹിക്കേണ്ടതാണ്. പലരും ഇങ്ങനെ ചെയ്യുന്നുണ്ട്. ഞാനും ഉത്സാഹിപ്പിക്കുന്നു........ നിങ്ങളുടെ വേലകൾക്ക് ദൈവം സമ്മാനം തരട്ടെ എന്നു ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടു ആശീർവ്വാദം."

MANNANAM
PRINTED AT THE ST. JOSEPH'S PRESS
1927.



## ഗുരുപ്പട്ട രജത ജൂബിലി മംഗളം.

ഫലപ്രദായകമായി കാൽ ശതാബ്ദത്തെ ശ്രേ കജ്ജോലി പൂർത്തിയാകുന്ന ഈ ഗുരുപ്പട്ടരജതജൂബിലി അവസരത്തിൽ ഹൃദയപൂർവ്വം അനുമോദിക്കുന്നതോടുകൂടെ ദൈവമഹത്വത്തിനും അവിടത്തെ വിശ്വസ്ത ജനങ്ങളുടെ ക്ഷേമത്തിനും വാത്സല്യ വൈദികരുടെ പ്രോത്സാഹനത്തിനുംവേണ്ടി ആശ്വാസജനകമായ പ്രയത്നങ്ങളുടെ അനവധി വത്സരങ്ങൾ ഇനിയും തന്നരുളുന്നതിനു സർവ്വശക്തനോട് സർവ്വാത്മനാ പ്രാർത്ഥിക്കുകയുംചെയ്യുന്നു.

ഇൻഡ്യായുടെ ഡെലഗാദപ്പസ്തോലിക്കാ

എഡ്വേർഡ് മൂണി തിരുമനസ്സുകൊണ്ട്.

# കർമ്മല കുസുമം.

പുസ്തകം ൨൬.) ൧൯൨൭ ജനുവരി ൧. (ലക്കം ൧.


## മർത്ത്യാവതാര കീർത്തനം.

(റവ. ഫാദർ മാത്യു വടക്കേൽ.)

(ഹിന്ദുസ്ഥാൻ തോടി—ആദിതാളം.) (ദാദാബായി എന്ന മട്ട്)

പല്ലവി.

മാനവപരിപാല! മാനവ പരിപാലക!

അനുപല്ലവി.

മന്നിടെ ജാതനാം—മുന്നത സൂദന! മാന.

ചരണം.

മന്നവൻ ദാവീദിൻ ഗോത്രേ—മിന്നും മനുജഗാത്രെ.
ഉന്നതരാജനാം ദൈവ ദയാപരൻ
തന്നുടെ വാക്കുപോൽ ജാതനായ് ഭാസുരൻ

മൊഹറ.

ഭൂലോകപാപഹരം മുഴവനായ് കരുണയാ ചെയ്യു
ശ്രീയേശു നാഥ! മാലോകമാല്യമീ! മനുകുല വഴിയുമായ്
തീർന്ന കാരുണ്യനാഥ!

പാരീശന്റേ പുത്ര! മേരിതൻ സ്നേഹപാത്ര!
പാരിടവാസികൾക്കേകവെ നിൻകൃപാ
വാരിധിനീ തുറന്നീടണെ നാകപാ!


DHARMARAM COLLEGE LIBRARY.
15618
BANGALORE.


# പ്രസാധകക്കുറിപ്പുകൾ.

### നവവത്സര പ്രാർത്ഥന.

എന്റെ നല്ല ദൈവമേ! ഈ കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്കു എന്തെല്ലാം ആപത്തുകളിൽ നിന്നു എന്നെ നീ രക്ഷിച്ചു. ഏതെല്ലാം തരത്തിലുള്ള മനോഗുണങ്ങൾ ഈ അയോഗ്യ ദാസനു നീ തന്നരുളി. എന്നാൽ എന്റെ പ്രവൃത്തികളിലേക്കു കണ്ണോടിക്കയിൽ ഞാനെത്രയോ ലജ്ജിക്കുന്നു. എന്റെ സ്നേഹക്കുറവുകളെയും നന്ദികേടുകളേയും ഓർക്കയിൽ നിന്റെ മുമ്പാകെ എങ്ങിനെ ഞാൻ കാണപ്പെടും! മനസ്താപത്താൽ എന്റെ മുറിവുകളെ നീ

ന്മുഖപ്പെടുത്തുക. സ്നേഹത്താൽ എന്റെ ഹൃദയത്തെ നീ ജ്വലിപ്പിക്കുക. ആരംഭിച്ചിരിക്കുന്ന ഈ നവവത്സരത്തിൽ കൂടുതൽ ശുഷ്കാന്തിയോടെ നിനക്കു ശുശ്രൂഷ ചെയ്തുകൊള്ളാമെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. എന്റെ ഈശോയേ എന്നെ നീ സഹായിക്കുക. പരിശുദ്ധ മറിയമേ! എന്റെ അമ്മേ! മാർ യൌസേപ്പു പിതാവേ! സകല പുണ്യാത്മാക്കളേ! നിങ്ങൾ എന്നെ കാത്തുകൊള്ളണമേ.

## ഗുരുപ്പട്ടരജതജൂബിലി.

കണ്ടത്തിൽ മാർ അഗുസ്റ്റിനോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഗുരുപ്പട്ടം സ്വീകരിച്ചിട്ടു ഇരുപത്തഞ്ചുകൊല്ലം തികഞ്ഞ രജതജൂബിലി കഴിഞ്ഞ ഡിസംബർമാസം 21-ാംനു- അതിരൂപതയിലെ എല്ലാ പള്ളികളിലും സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു. എർണാകുളം പട്ടണത്തിൽവച്ചു വലിയ ഒരാഘോഷത്തിനു ഏർപ്പാടുകൾ ചെയ്തിരുന്നെങ്കിലും മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു അതിനു അനുവദിക്കയുണ്ടായില്ല. അതിനാൽ ഹയരാർക്കിസ്മാരകമായി മാർത്തോമ്മാശ്ലീഹായുടെ കമനീയമായ ഒരു പ്രതിമ എർണാകുളം മെത്രാപ്പോലീത്തൻപള്ളിയുടെ മുൻവശത്തായി സ്ഥാപിക്കുന്നതിനാണ് ജൂബിലികമ്മിററിക്കാർ തീർച്ചപ്പെടുത്തിയിരിക്കുന്നതു്. മെത്രാപ്പോലീത്താ തിരുമനസ്സിലെ ചുരുങ്ങിയ കാലത്തെ ഭരണത്തിനിടക്കു അതിരൂപതക്കുണ്ടായിട്ടുള്ള നാനാമുഖങ്ങളായ അഭിവൃദ്ധികളെപ്പററി ഇന്നു ആരേയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. തിരുമേനി ആയുരാരോഗ്യസമന്വിതം ഇനിയും ചിരകാലം വാണരുളുന്നതിനു ദൈവം ഇടയാക്കട്ടെ.

## നമ്മുടെ പ്രതിദിനപത്രം.

നാല്പത്തൊന്നു സംവത്സരങ്ങളായി കേരളീയ കത്തോലിക്കരുടെ പൊതുനാവായി പരിലസിക്കുന്ന നസ്രാണിദീപികപ്പത്രം ജനുവരി ആരംഭംമുതൽ പ്രതിദിനമായി പ്രസിദ്ധപ്പെടുത്തുന്നതിനു തീർച്ചയാക്കിയിരിക്കുന്നതറിഞ്ഞു ഞങ്ങൾ സന്തോഷിക്കുന്നു. ഇൻഡ്യയിലെന്നല്ല തിരുവിതാംകൂറിൽതന്നെയും മറെറല്ലാ സമുദായങ്ങൾക്കും പണ്ടേ പ്രതിദിനപത്രങ്ങൾ ഉണ്ടായിക്കഴിഞ്ഞിട്ടുള്ളതാണ്. കത്തോലിക്കർക്കു ഇതു് ഇൻഡ്യയിൽ ഒന്നാമത്തെ പ്രതിദിനപ്രസിദ്ധീകരണമാണെന്നുള്ളതു് കേരളീയകത്തോലിക്കർക്കു പ്രത്യേകിച്ചും അഭിമാനജനകംതന്നെ. തദനുസരണമായ പ്രോത്സാഹനങ്ങൾ സമുദായാംഗങ്ങളിൽനിന്നുണ്ടാകുന്ന പക്ഷം അതീതകാലങ്ങളിലെപ്പോലെതന്നെയെന്നല്ല അതിൽ കൂടുതലായുള്ള സമുദായസേവനം ചെയ്യുന്നതിനു ദീപികക്കു സാദ്ധ്യമാകുമെന്നുള്ളതിനെപ്പററി പക്ഷാന്തരമുണ്ടാകുന്നതല്ല. എല്ലാശാഖകളിലും ധാരാളം എഴുത്തുകാരും ഇപ്പോൾ സമുദായത്തിലുണ്ടു്. പ്രാസംഗികന്മാർക്കു നിത്യപ്രസംഗത്തിനുള്ള ഒരു പ്ലാററുഫോറമാണല്ലോ ഒരു പ്രതിദിനപത്രം. സമുദായസേവനതല്പരന്മാർക്കു അവരുടെ ആശയങ്ങളെ ഉടനുടൻ ജനതതിയെ അറിയിച്ചു ഉണർത്തിക്കൊണ്ടിരിക്കുന്നതിനും ഇതിൽ കൂടുതൽ പ്രയോജനകരമായ ഒരു മാർഗ്ഗം ഉണ്ടാകാനില്ല. ഒക്കെപ്പാടെ കേരളീയ കത്തോലിക്കസമുദായം ഒന്നാകെ ഉണർന്നു പ്രവർത്തിക്കേണ്ട ഒരു ഘട്ടമാണിതെന്നു ഞങ്ങൾ ബലമായി അഭിപ്രായപ്പെടുന്നു. ഈ പ്രതിദിന പ്രസ്ഥാനം വിജയപ്രദമാക്കിത്തീർക്കുന്നതായാൽ നിരവധി നന്മകൾ തന്മൂലം സമുദായത്തിനു സിദ്ധിക്കുന്നതാണ്. കെ. സി. സി. ഏ. സംഘങ്ങൾക്കു അനുവദിച്ചിട്ടുള്ള സൌജന്യ നിരക്കുകളും മററാളുകൾക്കും പ്രാപിക്കാവുന്ന സമുദായ മിത്രം മെഡലുകളും മററും ആലോചിച്ചാൽ ധനവിഷയകമായും ഇതു സമുദായത്തിനു ഒരു ആശാസ്യമായ അവസരമാണെന്നു പറയണം. പ്രതിദിന ദീപികക്കു ഞങ്ങൾ സർവ്വവിജയവും ആശംസിച്ചുകൊള്ളുന്നു.

# മ്ശിഹായുടെ പിറവി.

(റൈററ് റവ. മോൺസിഞ്ഞോർ ആൻറണി പുതുശ്ശേരി)

മനുഷ്യസൃഷ്ടിക്കുശേഷം നാലായിരത്തിനാലാംവത്സരത്തിൽ റോമാചക്രവർത്തിയായി വാണിരുന്ന കേസർ ഔഗുസ്തോസിന്റെ കല്പനപ്രകാരം ആയാൾക്കു അധീനപ്പെട്ട രാജ്യങ്ങളിലെങ്ങും കാനേഷ്മാരി കണക്കെടുക്കാൻ തുടങ്ങി. തന്മൂലം നസറത്തിൽ വസിച്ചിരുന്ന യൌസേപ്പും മറിയവും സ്വന്തഗോത്രം ബത്ലഹമിൽനിന്നു ഉത്ഭവിച്ചതാകകൊണ്ട് സ്വന്തം പേരുകൾ കണക്കിൽ ചേർപ്പിക്കുന്നതിനായി അവിടേയ്ക്കു യാത്രതിരിച്ചു. യൌസേപ്പിന്റെ ദാരിദ്ര്യം മൂലം അവരുടെ പാർപ്പിന്നു തക്കതായ ഒരു വിടുതിസ്ഥലം അവിടെ സിദ്ധിച്ചില്ല. എങ്കിലും ദൈവപുത്രനെ പ്രസവിക്കുന്നതിനുള്ളകാലം അന്നാളിൽതികഞ്ഞതുകൊണ്ട് പ്രസ്തുത വത്സരത്തിൽ ഡിസംബർമാസം25-ാംതിയതി അർദ്ധരാത്രി ബത്ലഹമിൽ ഒരുതൊഴുക്കൂട്ടിൽവച്ചു കന്യക മറിയം ദിവ്യപുത്രനെ പ്രസവിച്ചു.




ദിവ്യപൈതലിന്റെ പിറവി അടിസ്ഥാനപ്പെടുത്തിയാണു ഇപ്പോൾ നാം വത്സരങ്ങൾ എണ്ണിവരുന്നത്. മഹാ മതദ്വേഷിയായിരുന്ന ദിയോക്ലേസ്യാനോസ് ചക്രവർത്തിയുടെ ഭരണാരംഭംതൊട്ടു പൂർവ്വക്രിസ്ത്യാനികൾ വത്സരങ്ങൾ എണ്ണിവരിക പതിവുണ്ടായിരുന്നു. എന്നാൽ 525-ാംവത്സരത്തിൽ ദിയോനീസ്യൂസ് എക്സീഗ്വൂസ്സെന്ന ദേഹം മംഗളവാർത്തയുടെ ദിവസം അഥവാ രക്ഷകൻ മാനുഷാവതാരം ചെയ്ത ദിവസം മുതൽ വത്സരങ്ങൾ എണ്ണുന്നസമ്പ്രദായം പ്രചാരപ്പെടുത്തി. പക്ഷേ കാറൽമാൻ ചക്രവർത്തി ആസമ്പ്രദായത്തെ അല്പം ഭേദപ്പെടുത്തി രക്ഷകന്റെ പിറവിദിവസംതൊട്ടു വത്സരങ്ങൾ എണ്ണണമെന്നു ആജ്ഞാപിച്ചതനുസരിച്ചു ഇപ്പോഴും നടന്നുവരുന്നു.

ദിവ്യ ഉണ്ണിയുടെ പിറവി ദിവസം ബത്ലഹമിൽ ഇടയന്മാർ തങ്ങളുടെ ആട്ടിൻകൂട്ടത്തെ രാത്രി കാവൽ കാത്തു വെളിയിൽ പാർത്തിരുന്നു. അപ്പോൾ കർത്താവിന്റെ ദൂതൻ മഹാതേജസ്സോടുകൂടി അവർക്കു പ്രത്യക്ഷപ്പെടുകയും, രക്ഷകന്റെ പിറവികൊണ്ടുള്ള മഹാസന്തോഷം അവരെ ഗ്രഹിപ്പിക്കയും ചെയ്തു. ഇങ്ങനെ രക്ഷകൻ ബത്ലഹമിൽ പിറന്നശേഷം ശീലകളാൽ ചുറ്റപ്പെട്ടവനായി തൊഴുക്കൂട്ടിൽ കിടക്കുന്നതു ദൈവദൂതൻവഴി ഇടയന്മാരറികയും സ്ഥലത്തു ചെന്നു അവർ ദിവ്യ ഉണ്ണിയെക്കണ്ടു ആരാധിക്കയുമുണ്ടായി. അപ്പോളവർ മറിയത്തേയും യൌസേപ്പിനേയും അവിടെ കണ്ടുവെന്നു മാത്രമല്ല, ദൈവദൂതൻ പ്രത്യക്ഷീഭൂതമായ സംഭവം അവരോടു പറഞ്ഞു കേൾപ്പിക്കയും ചെയ്തു. മറിയം ഈ വാർത്തകളൊക്കെയും സംഗ്രഹിച്ചു ഹൃദയത്തിൽ ധ്യാനിച്ചുകൊണ്ടിരുന്നു. (ലൂക്കാ 2.)

പിറവിക്കുശേഷം എട്ടു ദിവസം തികഞ്ഞപ്പോൾ ദിവ്യപൈതൽ മൂശയുടെ ന്യായപ്രമാണപ്രകാരം (ലേ. വി. 12. 14) ഛേദനാചാരം ചെയ്യപ്പെട്ടു. മുമ്പു മാലാഖാ അറിയിച്ചിരുന്നതുപോലെ ദിവ്യപൈതലിനു മാതാപിതാക്കന്മാർ ഛേദനാചാരദിവസംതന്നെ ഈശോയെന്ന നാമം ഇടുകയുംചെയ്തു. (ലൂക്കാ 2. 21) ഈ തിരുനാമത്തിന്റെ അർത്ഥം രക്ഷകനെന്നാകുന്നു. പ്രസ്തുതനാമം അന്നാളിൽ മറ്റു പലരും ധരിച്ചിരുന്നെങ്കിലും നാമാർത്ഥാനുസാരം പ്രവർത്തിച്ചു പാപത്തിൽനിന്നും നരകത്തി

ൽനിന്നും മനുഷ്യരെ വിമോചിച്ചുകൊണ്ടു അവൎക്കു യഥാൎത്ഥരക്ഷ ചെയ്തതു് ഈ ദിവ്യ പൈതൽമാത്രമാണു്. ഈ ന്യായത്താലത്രെ ദൈവാലോചനപ്രകാരം പൈതലിനു ഈശോയെന്ന നാമംതന്നെ ഇടണമെന്നു മാലാഖാ മുൻകൂട്ടി അറിയിച്ചതു്. (ലൂക്കാ ൧. ൩൧) ഇങ്ങനെ ഈശോയെന്ന നാമം ഭൂമിയിൽ ദൈവപുത്രന്റെ തിരുനാമമായി ഭവിച്ചതുകൊണ്ടു നാം ആ നാമത്തെ ഏറ്റവും ഭക്ത്യാദരപൂർവ്വം ഉച്ചരിക്കേണ്ടതാണെന്നും ഛേദനാചാരകർമ്മത്തെ ആസ്പദമാക്കി ജനുവരി 1-ാംനു- നാം തിരുനാൾ ഘോഷിക്കുന്നുവെന്നും അറിഞ്ഞിരിക്കണം.

ഈശോമ്ശിഹാ ഛേദനാചാരം സ്വീകരിച്ചു കുറെ കഴിഞ്ഞപ്പോൾ കിഴക്കുനിന്നും മൂന്നു രാജാക്കന്മാർ അവിടുത്തെ ആരാധിപ്പാനായി വന്നു. അവരുടെ പേർ മെൽക്കിയോർ, കാസ്പർ, ബൽത്താസർ എന്നിവയാണെന്നു പറയപ്പെടുന്നു. രക്ഷകന്റെ പിറവി അറിയിക്കുന്ന ഒരു നക്ഷത്രം ഉദിച്ചുകണ്ടതിനാലാണു് അവർ യാത്രപുറപ്പെട്ടതു്. എന്നാൽ അവർ ഓർശ്ലേംവരെയും പ്രസ്തുത നക്ഷത്രം വഴികാണിച്ചുവന്നുവെങ്കിലും അവർ ആ ദേശത്തു പ്രവേശിച്ചതോടുകൂടി നക്ഷത്രം അപ്രത്യക്ഷമായി. തൻമൂലം ഓറശ്ലേം രാജധാനിയിൽ ഹേറോദേശുരാജാവിന്റെ പക്കൽ ചെന്നു് അവർ ദിവ്യ ഉണ്ണി എവിടെയെന്നുള്ളതിനെപ്പററി തിരക്കം ചെയ്തു. രാജാവു പ്രമാണവിദഗ്ദ്ധരെ വരുത്തി ചോദിച്ചതിൽ ബെത്ലഹേമിലാണു് മ്ശിഹാ പിറക്കുവാനിരുന്നതെന്നു അറിഞ്ഞു. ഉടനെ ദിവ്യ ഉണ്ണിയെ വധിക്കണമെന്നുള്ള ദുഷ്ടവിചാരം അവലംബിച്ച ഹേറോദേസ്, ദിവ്യപൈതലിനെ തനിക്കു ആരാധിക്കണമെന്നു അന്യഥാ ഭാവിച്ചുകൊണ്ടു് മററു രാജാക്കന്മാരെ ആരാധന കഴിച്ചു മടങ്ങി വരണമെന്നു പറഞ്ഞയപ്പിച്ചുവിട്ടു.

ഇങ്ങനെ രാജാക്കന്മാർ ഓർശ്ലേത്തുനിന്നു പുറത്തു കടന്നപ്പോഴേക്കും നക്ഷത്രം അവൎക്കു പുനഃപ്രത്യക്ഷീഭവിച്ചു. നക്ഷത്രത്താൽ വഴി അറിഞ്ഞു അവർ ബെത്ലഹേമിൽ എത്തുകയും ദിവ്യപൈതലിനെ ആരാധിക്കയും ചെയ്തു. മാത്രമല്ല, അവർ ദിവ്യപൈതൽ ഒരു രാജാവാണെന്നു ഗ്രഹിച്ചതിനാൽ പൊന്നും, ദൈവമെന്നു അറിഞ്ഞതുകൊണ്ടു കുന്തുരുക്കവും, എങ്കിലും മനുഷ്യനെന്നു കാണിക്കുവാൻ മീറായും കാഴ്ചവെച്ചു് ആ ദിവ്യഉണ്ണിയെ വന്ദിച്ചു. ഇതിനുശേഷം മൂന്നു രാജാക്കന്മാരും ഹേറോദേശു ദിവ്യപൈതലിനെ വധിക്കാൻ ഉദ്ദേശിക്കുന്നുവെന്നുള്ള വസ്തുത ഒരു മാലാഖാവഴി അറിഞ്ഞതിനാൽ മററു വഴിയെ സ്വരാജ്യത്തിലേക്കുമടങ്ങിപ്പോയി. (മത്തായി 2) ഈ മൂന്നു രാജാക്കന്മാർ വന്നു ദിവ്യഉണ്ണിയെ ആരാധിച്ചതിന്റെ സ്മാരകമായിട്ടത്രെ തിരുസഭ ജനുവരി 6-ാംനു- തിരുനാളായി ആഘോഷിച്ചുവരുന്നതു്.

## കത്തോലിക്കാ സഭക്കു് പുറമേ രക്ഷയുണ്ടോ?

(വെറി റവ. ഫാദർ അല്ക്സാണ്ടർ സി. ഡി.)

നിത്യരക്ഷ പ്രാപിക്കുന്നതിനു കത്തോലിക്കാ തിരുസഭയിൽ ചേൎന്നേ മതിയാവൂ എന്നു വേദപുസ്തകം പഠിപ്പിക്കുന്നുണ്ടോ? എന്നു അകത്തോലിക്കർ പലപ്പോഴും ചോദിക്കാറുണ്ടു്. വേദപുസ്തകം ഇങ്ങനെ പഠിപ്പിക്കുന്നുണ്ടു് എന്നുള്ളതിലേക്കു തെളിവുകൾ താഴെ ചേൎക്കുന്നു.

1. "നിങ്ങൾ ലോകത്തിൽ എങ്ങുംപോയി സകല സൃഷ്ടിക്കും സുവി

ശേഷം പ്രസംഗിപ്പിൻ. വിശ്വസിച്ചു ജ്ഞാനസ്നാനം കൈക്കൊള്ളുന്നവൻ രക്ഷപെടും. എന്നാൽ വിശ്വസിക്കാതിരിക്കുന്നവൻ ശിക്ഷാവിധിയിൽ ഉൾപ്പെടും." (മർക്കോസ് 16. 15. 16) ലോകമൊട്ടുക്കുമായിട്ടു മ്ശിഹാ കർത്താവു സ്ഥാപിച്ചിട്ടുള്ള ഈ ഏകസഭ വിശുദ്ധ പത്രോസ് എന്ന പാറമേൽ സ്ഥാപിച്ചതും, റോമാ തലസ്ഥാനമാകെ ലോകമെങ്ങും വ്യാപിച്ചിരിക്കുന്നതുമായ ഏക കത്തോലിക്കാതിരുസഭയത്രെ. ഈ സഭയിൽ ചേർന്നല്ലാതെ ആർക്കും രക്ഷയില്ലെന്നു പ്രസ്തുതവേദവാക്യം തെളിവായി പഠിപ്പിക്കുന്നുണ്ട്.

2. എന്നാൽ വിശ്വസിച്ചു ജ്ഞാനസ്നാനം കൈക്കൊൾകയും ഏക ക്രിസ്തീയസഭയുടെ അംഗങ്ങളാകയും ചെയ്തശേഷം, എടത്തൂടം ശീസ്മയും മുഖാന്തിരം അതിൽ നിന്നു ഭിന്നിച്ചുപോയിരിക്കുന്ന പതിതരെക്കുറിച്ചും ശീസ്മക്കാരെക്കുറിച്ചും അവരുടെ സന്താനങ്ങളെക്കുറിച്ചും വേദപുസ്തകം എന്തു പഠിപ്പിക്കുന്നു എന്നു നോക്കാം. അവർ "അജ്ഞാനികളെപ്പോലെയും ചുങ്കക്കാരരെപോലെയും" ഗണിക്കപ്പെടേണമെന്നത്രെ വിശുദ്ധ ലിഖിതത്തിലേ വിധി. "അവൻ സഭയേയും കേൾക്കാതിരുന്നാൽ, അവൻ അജ്ഞാനിയെപ്പോലെയും ചുങ്കക്കാരനെപ്പോലെയും നിനക്കു ആയിരിക്കണം" (മത്തായി 18. 17) എന്നു ഏക കത്തോലിക്കാതിരുസഭയെ സ്ഥാപിച്ച നമ്മുടെ കർത്താവീശോമ്ശിഹാ തീർച്ചയായി കല്പിച്ചിരിക്കുന്നു. അപ്പഴോ പതിതരും ശീസ്മക്കാരും "മത്തായി, തോമ്മാ" എന്നിപ്രകാരമുള്ള ക്രിസ്തീയ നാമങ്ങൾ ധരിച്ചിരിക്കുന്നതുകൊണ്ടും, ഒരു പക്ഷെ തങ്ങളുടെ ഭിന്നകക്ഷികളിൽ കൈവെപ്പുള്ള മെത്രാന്മാരോ പട്ടക്കാരോ ഉള്ളതുകൊണ്ടും യാതൊരു ഫലവുമില്ല. കത്തോലിക്കാ തിരുസഭയുടെ ഒരംഗം ചാവുദോഷത്താൽ ദൈവപ്രസാദം നഷ്ടമാക്കിക്കളകയും മനസ്താപത്താലും വിശുദ്ധ കൂദാശകളാലും അതിനെ വീണ്ടുപ്രാപിക്കാതെ മരിക്കയും ചെയ്താൽ എപ്രകാരം നിത്യനാശത്തിൽപ്പെട്ടുപോകുമോ അപ്രകാരം തന്നെ പതിതരും ശീസ്മക്കാരും എടത്തൂടം ശീസ്മയും ഉപേക്ഷിക്കാതെയിരുന്നാൽ അതിനാലെ തന്നെ നിത്യശിക്ഷക്കു പാത്രവാന്മാരാകും. എന്തുകൊണ്ടെന്നാൽ എടത്തൂടം ശീസ്മയും ഭയങ്കര ചാവുദോഷങ്ങളാണ്. ഇതിനാൽ വിശുദ്ധ അഗുസ്തീനോസുമല്ലാൻ ഈ സംഗതിയെപ്പററി എഴുതീട്ടുള്ള സ്മരണീക വാക്യം പതിതരും ശീസ്മക്കാരും അറിഞ്ഞിരിക്കേണ്ടതാണ്: "കത്തോലിക്കാ സഭയിൽ നിന്നു പിരിഞ്ഞുപോകുന്നവൻ ആരായിരുന്നാലും, അവന്റെ ജീവിതം എത്ര നല്ലതായിരുന്നാലും ശരി അവൻ നിത്യരക്ഷ പ്രാപിക്കയില്ല; ഈശോമ്ശിഹായുടെ ഐക്യതയിൽ നിന്നു അവൻ വേർപിരിഞ്ഞുപോയി എന്നുള്ള ഏക കുററത്താൽ തന്നെ ദൈവകോപം അവന്റെ മേലുണ്ടാകും. തിരുസഭയ്ക്കു കീഴ്വഴങ്ങാതിരിക്കുന്ന ഇവന്റെ നന്മയും മര്യാദയും നേർമ്മയുള്ളതും നാശകരവുമായ ഒരുകപടഭക്തിയാണു"(St. Augustine) ഈ മഹാ മല്ലാൻ മറെറാരിടത്തു പതിതരെക്കുറിച്ചും ശീസ്മക്കാരെക്കുറിച്ചും പറകയിൽ, "ഇവർക്കു ഹല്ലേലുയ്യാ പാടാം; ആമ്മേൻ ഉത്തരിക്കാം; എന്നാൽ ഫലം നാസ്തി" എന്നു എഴുതിയിരിക്കുന്നു. സാക്ഷാൽ ചാവുദോഷത്തിലിരിക്കുന്ന മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികൾക്കു പുണ്യയോഗ്യതയില്ലാ; കൈക്കൊള്ളുന്ന കൂദാശകൾകൊണ്ടു അവൻ ശുദ്ധീകരിക്കപ്പെടുന്നുമില്ല. അപ്പഴൊ ഈ കൂട്ടർ രക്ഷപെടണമെങ്കിൽ എടത്തൂടം ശീസ്മയും ഉപേക്ഷിച്ചു കത്തോലിക്കാതിരുസഭയിൽ ചേർന്നേ മതിയാവൂ

3. കത്തോലിക്കാസഭയിൽ നിന്നു പിരിഞ്ഞു പോകുന്ന പതിതകക്ഷികൾ ഉണ്ടാകുമെന്നു ദൈവംതന്നെ പണ്ടേ അറിയിച്ചിട്ടുണ്ട്. "കടശികാലങ്ങളിൽ ഓരോരുത്തർ വിശ്വാസത്തിൽ നിന്നു തെററിപ്പോകുമെന്നും, തട്ടിക്കുന്ന അരൂപികളുടെ പുറകെയും പൈശാചിക പഠനങ്ങളുടെ പിന്നാലെയും അവർ പോകുമെന്നും പറഞ്ഞു

ധാത്രുപി തെളിവായിട്ടു അരുളിച്ചെയ്യുന്നു." (1 തിമൊത്ത. 4. 1.) ഈ അരുളപ്പാടിനു തക്കവണ്ണം ശ്ലീഹന്മാരുടെ കാലം മുതൽ അനേകർ കത്തോലിക്കാ തിരുസഭയിൽ നിന്നു ഏടത്തുട്ടം ശീസ്മയും വഴിയായി തെറ്റിപ്പോയിട്ടുണ്ട്. ഈ വക ഭിന്നകക്ഷികൾ പച്ചപ്പുല്ലുപോലെ മുളക്കയും ഏറെ താമസിയാതെ ഉണങ്ങിപ്പോകയും ചെയ്തു. ഇക്കാലത്തു ശേഷിച്ചിരിക്കുന്ന കക്ഷികൾ താമസിയാതെ അവസാനിക്കയും ചെയ്യും. ഏടത്തുട്ടം ശീസ്മയും അറിവില്ലായ്മ എന്ന പാദപീഠത്തിന്മേലാണ നിൽക്കുന്നത്. ഈശോമ്ശിഹാ ഒരുസഭയെമാത്രം സ്ഥാപിച്ചിരിക്കയിൽ ഓരോരുത്തൻ താൻ നില്ക്കുന്ന പരിശുദ്ധസഭ ഏങ്ങനെയുണ്ടായി? അതിനെ സ്ഥാപിച്ചവർ ഏതു അധികാരത്താൽ അതിനെ സ്ഥാപിച്ചു? എന്നു പര്യാലോചിക്കുമ്പോൾ സ്വയമേവ ബോധപ്രകാശനമുണ്ടാകുന്നതാണ്.

4. "നിങ്ങളോടു ഞങ്ങൾ അറിയിച്ചിട്ടുള്ളതിനു വിരോധമായിട്ടു ഞങ്ങളോ ആകാശത്തിൽ നിന്നു ഒരു മാലാഖയോ നിങ്ങളോടു അറിയിച്ചാലും അവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ. മുമ്പിൽ നിങ്ങളോടു ഞാൻ പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോൾ വീണ്ടും പറയുന്നു: നിങ്ങൾ കൈക്കൊണ്ടിരിക്കുന്ന അറിയിപ്പിനു വിരോധമായി ആരെങ്കിലും നിങ്ങളോടു അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ" (ഗാലത്യർ 1. 8. 9) — വേദപുസ്തകം ഇപ്രകാരം പഠിപ്പിക്കയിൽ, മ്ശിഹാ കർത്താവു സ്ഥാപിച്ചതും ശ്ലീഹന്മാർ ലോകമെങ്ങും പ്രസംഗിച്ചു വിസ്തരിക്കപ്പെട്ടതുമായ ഏക കത്തോലിക്കാ തിരുസഭക്കു വിരോധമായി പഠിപ്പിപ്പാൻ തുനിഞ്ഞ എവുത്തീക്കോസിനെയും ദിയോസ്കോരെസിനെയും ല്യൂത്തേരിനെയും മറ്റും കത്തോലിക്കസഭ സൂന്നഹദോസുകൂടി ശപിച്ചതിൽ ഒട്ടും വിസ്മയിപ്പാനില്ല. ഈ ശപിക്കപ്പെട്ട പതിത മതങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന യാക്കോബായക്കാരും പ്രോട്ടസ്റ്റാണ്ടുകാരും മറ്റു നിത്യരക്ഷ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ, ഏകകത്തോലിക്ക തിരുസഭയിലേക്കു പിന്തിരിവാൻ ആവശ്യമാണ്.

5. ദൈവത്തിന്നു പകർച്ചയില്ല. അപ്രകാരം തന്നെ ദൈവത്താൽ സ്ഥാപിതമായ തിരുസഭക്കും അതിന്റെ പഠനത്തിനും പകർച്ചയില്ല. ആകയാൽ ക്രിസ്ത്വബ്ദം 5-ാം ശതകത്തിലും 16-ാം ശതകത്തിലും ദുഷ്ടമാനുഷരുടെ ചപലബുദ്ധികൾ നിർമ്മിച്ചുണ്ടാക്കിയ പതിത പഠനങ്ങളെ സ്വീകരിക്കുന്നവർ വിശുദ്ധ പൌലോസിന്റെ ശ്രദ്ധേയമായ ഉപദേശത്തെ കേൾക്കട്ടെ: "ഈശോമ്ശിഹാ ഇന്നലെയും ഇന്നും എന്നേക്കും താൻ തന്നെ. പലവിധവും അന്യവുമായ ഉപദേശങ്ങളാൽ നിങ്ങൾ വലിച്ചുകൊണ്ടു പോകപ്പെടരുതെ" (എബ്രായർ ൧൩. ൮-൯.)

6. ഏടത്തുട്ടക്കാരും ശീസ്മക്കാരും തങ്ങൾ കത്തോലിക്ക സഭയിൽ നിന്നു വേർപിരിയുന്നതിനു മുമ്പു തങ്ങളെ കത്തോലിക്ക വിശ്വാസത്തിൽ ഭരിച്ചു നടത്തിക്കൊണ്ടുപോന്ന ആ പരിശുദ്ധ പിതാക്കന്മാരുടെ സുകൃത നടപടിയും വിശ്വാസവും എന്തായിരുന്നു എന്നു പരിശോധിച്ചുനോക്കുന്നതു അവരുടെ മാനസാന്തരത്തിന്നു അത്യന്തം ഉപയോജകീഭവിക്കും. ഇതിലേക്കായിട്ടാണ് വിശ്വവിശ്രുതനായ കാർഡിനൽ ഗിബൻസ് "നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം" എന്ന പ്രസിദ്ധമായ ഗ്രന്ഥം എഴുതിയതു. ഈ മലയാളനാട്ടിൽ പതിതരും ശീസ്മക്കാരും ഉണ്ടാതിരിക്കയിൽ കടശ കാലങ്ങളിൽ "പുത്തൻകൂർ" എങ്ങിനെയുണ്ടായി എന്നും, ഇപ്പോൾ അതു എത്ര അവാന്തര കക്ഷികളായി പിരിഞ്ഞിരിക്കുന്നു എന്നും, "മേല്യൂസ് ശീസ്മക്കാർ" എങ്ങിനെയുണ്ടായി എന്നും, മേല്യൂസ് മെത്രാൻ കത്തോലിക്ക തിരുസഭയിലേക്കു പിന്തിരിഞ്ഞു കത്തോലിക്കനായി മരിച്ചിട്ടും അദ്ദേഹത്തിന്റെ അനുഗാമികൾ ഇന്നും "സൂറാനികൾ" "ഉണ്ടിപ്പണ്ടികൾ" ഇത്യാദി കക്ഷികളായി തിരിഞ്ഞു നിൽക്കുന്നു എന്നും മലയാളസഭയുടെ ചരിത്രം അറിഞ്ഞിട്ടുള്ള മനുഷ്യജനങ്ങളോടു പറഞ്ഞറിയി-

ക്കേണ്ട ആവശ്യമില്ല. തിരുസഭയ്ക്കു പുറമേ നില്ക്കുന്ന ഇവരെ വിശുദ്ധ പൌലോസിൻെറ ഉപദേശം മാത്രം ഇവിടെ ഓൎപ്പിച്ചുകൊള്ളുന്നു. "നിങ്ങൾക്കു ദൈവവചനത്തെ പറഞ്ഞുതന്നു നിങ്ങളെ നടത്തിവന്നിരുന്നവരെ ഓൎത്തുകൊൾവിൻ. അവരുടെ നടപ്പിൻെറ അവസാനത്തെ നോക്കി ധ്യാനിച്ചു അവരുടെ വിശ്വാസത്തെ അനുകരിപ്പിൻ" (എബ്രായർ 13. 7).- പണ്ടു കത്തോലിക്കാ ഐക്യത്തിൽ നിങ്ങളെ നടത്തിയിരുന്ന ആ പരിശുദ്ധ പിതാക്കന്മാരുടെ പൂൎവ്വ തറവാട്ടിലേക്കു തിരികെ വരുന്നതു ആൎക്കും മാനക്കേടുള്ളതല്ലല്ലൊ.

7. പതിതരും ശീസ്മക്കാരും ഈ കടശികാലത്തു തങ്ങളുടെ അബദ്ധങ്ങളിൽ തന്നെ സ്ഥിരമായി നില്ക്കുന്നതിന്നു ഒരു ഉപായം കണ്ടെത്തിയിട്ടുണ്ട്. (Fortescue) ഫൊർടെസ്ക്യു എന്ന മഹാൻ സാക്ഷിക്കുന്നതുപോലെ ഇവർ ക്രീസ്തീയ സഭയിൽ (Branch theory) "ശാഖാമതം" ഉണ്ടാകാമെന്നും അതിൽ രക്ഷപെടാമെന്നും വാദിക്കുന്നു. എന്നാൽ ഇതു സ്പഷ്ടമെത്രെ മിഥ്യാബോധനയാണ്. മ്ശിഹാകൎത്താവു സകല മാനുഷൎക്കുംവേണ്ടി സ്ഥാപിച്ചിട്ടുള്ള ഏക സത്യ തിരുസഭയെ കേൾക്കാത്തവൻ "അജ്ഞാനിയെപ്പോലെയും ചുങ്കക്കാരനെപ്പോലെയും" മാത്രം ഗണിക്കപ്പെടുന്നതാണ്. ആകയാൽ "മനുഷ്യരുടെ ചതിവുള്ള ഉപദേശങ്ങളുടെ ഓരോ കാററിന്നും ഇളകി ആടുന്ന ശിശുക്കൾ നാമാകരുതു" (Eph. 4. 13) എന്നുള്ള വേദവാക്യം നാം അനുസ്മരിക്കേണ്ടതാണ്.

8. പതിതരുടെ സ്ഥിതി എന്താണെന്നും അവരോടു എങ്ങിനെയാണ് വൎത്തിക്കേണ്ടതെന്നും ദൈവവചനം തെളിവായിട്ടു നമ്മെ പഠിപ്പിക്കുന്നുണ്ട്. "പതിതനായ മനുഷ്യനോടു ഒന്നു രണ്ടു പ്രാവശ്യം സൽബുദ്ധി പറഞ്ഞുകൊടുത്തശേഷം അവനിൽനിന്നു ഒഴിഞ്ഞുമാറുക. ഇത്തരക്കാരൻ മറിഞ്ഞുപോയിരിക്കുന്നുവെന്നും, പാപം ചെയ്യുന്നുവെന്നും, തന്നാൽതന്നെ കുററം വിധിക്കപ്പെട്ടവനാണെന്നും നീ അറിഞ്ഞുകൊൾക". (Tit. III 10-11)

9. വേദപുസ്തകത്തിൽ വിശുദ്ധ യൂദാശ്ലീഹായുടെ ലേഖനം മുഴുവനും, പതിതരുടെ ദുഷ്ടതയെ ചൂണ്ടിക്കാണിച്ചുകൊണ്ടു സത്യവിശ്വാസികൾ ഏക കത്തോലിക്കാ വിശ്വാസത്തിൽ സ്ഥിരമായി നില്ക്കുവാൻ ഉപദേശിക്കുന്നതിനായി വിനിയോഗിച്ചിരിക്കുന്നു. "ഇവർ (പതിതർ) കാററുകളാൽ ഓടിക്കപ്പെടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും, രണ്ടാവൎത്തി മൃതിപ്പെട്ടും വേരററും പോയ വൃക്ഷങ്ങൾ; തങ്ങളുടെ നാണക്കേടുകളെ നുരച്ചുതള്ളുന്ന കൊടിയ കടൽതിരകൾ; വക്രഗതിയുള്ള നക്ഷത്രങ്ങൾ ആകുന്നു; ഇവൎക്കു എന്നെക്കുമുള്ള അന്ധകാരശിക്ഷ വരുവാനിരിക്കുന്നു" (Jude I. 12 13):- പതിതരുടെ നിൎഭാഗ്യസ്ഥിതിയും അവൎക്കു വരുവാനിരിക്കുന്ന ശിക്ഷയും ഇതിൽ വിശേഷമായി വൎണ്ണിച്ചുകാട്ടുവാൻ പ്രയാസം.

10. ആകയാൽ "നിത്യരക്ഷ പ്രാപിപ്പാൻ ആഗ്രഹിക്കുന്ന യാവനും കത്തോലിക്കാ വിശ്വാസം സ്വീകരിപ്പാൻ ആവശ്യമായിരിക്കുന്നു." (Athanasian creed) ഇതു 1-ാംലക്കത്തിൻെറ നിഗമനമായ സത്യപാഠമത്രെ.

11. ജയിക്കുവാൻ പാടില്ലാത്ത അറിവില്ലായ്മമൂലം താൻ ഉൾപ്പെട്ടിരിക്കുന്ന സഭ സത്യസഭയാണെന്നു വിചാരിച്ചു സുവിശ്വാസത്തിലിരിക്കുന്നവൻ ദൈവകോപത്തിന്നു ഇരയാകയില്ല; ഇതു പതിതൎക്കും ശീസ്മക്കാൎക്കും എന്നല്ല, മഹമ്മദീയൎക്കും ഹിന്തുക്കൾക്കുംവേണ്ടി ശരിതന്നെ. എന്നാൽ ദൈവം സ്ഥാപിച്ചിട്ടുള്ള സത്യവേദത്തെ അന്വേഷിപ്പാനും അറിയുമ്പോൾ അതിൽ ചേരുവാനും സകലൎക്കും കടമയുണ്ട്. ഇന്നു കത്തോലിക്കാ തിരുസഭ ദൈവത്തിൻെറ ഏക സത്യസഭയാണെന്നു അറിയാത്ത ക്രിസ്തീയ വകുപ്പുകൾ മലയാളത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. സത്യത്തെ സ്വീകരിപ്പാനുള്ള മനൊധൈൎയ്യമത്രെ ആവശ്യപ്പെട്ടിരിക്കുന്നതു്.

12. പഴയവേദത്തിൽ ശ്ലേമ്മോൻ രാജാവിൻെറ മരണാനന്തരം പന്ത്രണ്ടു

ഗോത്രങ്ങളിൽ പത്തു ഗോത്രങ്ങളും പിരിഞ്ഞുപോയി വിഗ്രഹാരാധനക്കാരായിത്തീൎന്നു. എങ്കിലും ഈ നിർഭാഗ്യ ഗണത്തൽ ഉൾപ്പെട്ടുപോയ ദൈവഭക്തരായ പലർ ഓർശ്ലത്തു വന്നു പണ്ടത്തെ ദൈവാരാധനക്രമംതന്നെ അനുസരിച്ചു നടന്നുവന്നു. പരിശുദ്ധനായ തോബിയാസിൻെറകുടുംബം ഇതിന്നുദൃഷ്ടാന്തമാണു്.

## മേരിപ്രസാദം. (പദ്യം)

(ശ്രീമാൻ കെ. ജോസഫ് മുണ്ടശ്ശേരി)

കിഴക്കു നിന്നെത്തിന സുപ്രഭാത-
പ്പൈതൽ തട്ടിപ്പുരിലാലസിക്കേ
പൂങ്കാവിലെപ്പൂക്കളിൽനിന്നുദാര-
സൌരഭ്യമൊന്നാകെ വിനിർഗ്ഗളിപ്പൂ 1

കന്യാമണീ കോമളബാഹുവല്ലീ
പ്രസ്ഫശനത്താൽ ചെറുതുച്ചലിക്കേ
വിപഞ്ചികം തന്ത്രിയിൽനിന്നുദിപ്പൂ
സംപൂതസംഗീതരസപ്രവാഹം. 2

രൂന്തിങ്കളിൻദീധിതിതല്ലജങ്ങൾ
മെന്മേൽപതിച്ചാദൃതിയിൽകളിക്കേ
സമുദ്രകല്ലോലഗണത്തിൽനിന്നു
സന്തോഷശബ്ദങ്ങൾ സമുത്ഭവിപ്പൂ. 3

സഖാക്കളേ! യിങ്ങനെതന്നെ പാപീ-
വൎഗ്ഗങ്ങൾതൻ പ്രാൎത്ഥനയെ ശ്രവിക്കേ
ശ്രീമേരിതൻ ഭാസുരഹൃത്തിൽനിന്നു
ദിവ്യപ്രസാദം പരമുൽഗളിക്കും. 4

## ലൂർദ്ദിലെ അത്ഭുതങ്ങൾ.

(റവ. ഫാദർ മാത്യു വരിക്കയിൽ പി. എച്ച്. ഡി. ഡി. ഡി.)

കഴിഞ്ഞകൊല്ലം രണ്ടുമാസക്കാലത്തോളം ലോകപ്രസിദ്ധമായ ലൂർദ്ദിൽ താമസിക്കുന്നതിനും അവിടെ നടക്കുന്ന പല അത്ഭുതസംഭവങ്ങളെ കാണുന്നതിനും എനിക്കു ഭാഗ്യമുണ്ടായി. കത്തോലിക്കാസഭയുടെ ശത്രുക്കൾ ഈദൃശസംഭവങ്ങൾക്കു വിരോധമായ ന്യായങ്ങളേ ചൂണ്ടിക്കാണിക്കുന്നതിനു സാധിക്കാതെ ഇപ്രകാരമുള്ള അവസരങ്ങളേക്കൂടെയും തിരുസഭയേദ്ദൂഷിക്കുന്നതിനും ഉപയോഗിപ്പാൻ ശ്രമിച്ചുവരുന്നതിൽ സഹതപിക്കയല്ലാതെ ഗത്യന്തരമില്ല. അന്യായമായും അകാരണമായും സഭയുടെ ശത്രുക്കൾ പറയുന്നതുപോലെ ഈ സഭ അന്ധവിശ്വാസത്തിൻെറ ഒരു സഭയല്ലെന്നു ഇവർ എന്നാണു് ഇനി ധരിക്കുക. സഭ സാക്ഷാൽ പരിഷ്കാരത്തിൻെറയും അഭിവൃദ്ധിയുടേയും ഒരു ശത്രുവല്ലെന്നും അവൾ പറയുന്നതും, പ്രവൎത്തിക്കുന്നതും, പഠിപ്പിക്കുന്നതും സത്യത്തിനും ന്യായത്തിനും വിരോധമായവയല്ലെന്നും രണ്ടായിരം വൎഷത്തോളം ഈ മാതാവു ലോകത്തിനു കാട്ടിക്കൊടുത്തിട്ടുണ്ടു്. ഇതു ലോകചരിത്രംതന്നേ വിളിച്ചുപറയുന്ന ഒരു വാസ്തവമാണു്. ഈ ലോകചരിത്രത്തിൻെറ സൂക്ഷ്മജ്ഞാനമെങ്കിലും ഉള്ള ഒരുവൻ ഇപ്രകാരമുള്ള അപരാധങ്ങളാൽ കത്തോലിക്കസഭയെ മലിനപ്പെടുത്തുവാൻ ശ്രമിക്കയെന്നതു് അസാദ്ധ്യമാണു്. അവളേ സംബന്ധിക്കുന്ന സകലസംഗതികളുടേയും സത്യവും, ന്യായവും അൎത്ഥം എന്നും കാണിച്ചുകൊടുക്കുന്നതിനു അവൾ എപ്പോഴും ഒരുങ്ങിനിൽക്കുന്നുമുണ്ടു്. കള്ളശാസ്ത്രജ്ഞന്മാരേയും, അന്ധവിശ്വാസികളേയും അവൾ ഒട്ടും ഭയപ്പെടുന്നില്ല. ഭയപ്പെടുകയുമില്ല. അതുകൊണ്ടു ഇന്നു ലൂർദ്ദിൽ നടക്കുന്ന അത്ഭുതങ്ങൾക്കു വിരോധമായി

ഈ ശത്രുക്കൾ എന്തെല്ലാം പറഞ്ഞാലും അതു അവരുടെ അജ്ഞതയെ ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തുന്നതല്ലാതെ കത്തോലിക്കസഭയെ കളങ്കപ്പെടുത്തുന്നതിനു പര്യാപ്തമാകുന്നതല്ല. സഭ അതിനു സഹജമായ ഊർജ്ജിതത്തോടുകൂടി എപ്പോഴും മുന്നോട്ടു ഗമിക്കുന്നതുകാണാം.

ദൈവപുത്രൻ ലോകത്തിൽ ഒരു സഭയേ സ്ഥാപിച്ചു. തന്റെ ഇഹലോകജീവിതത്തോടെ ആ സഭ അവസാനിച്ചില്ല. ലോകാവസാനപര്യന്തം മനുഷ്യനേ പരലോകജീവിതത്തിലേക്കു നയിക്കുന്നതിനായിട്ടാണ് താൻ ഈ സഭയേ സ്ഥാപിച്ചത്. ഇതിൽ പ്രവേശിക്കുന്നതിനു എല്ലാവരോടും താൻ ആവശ്യപ്പെടുന്നു. അനേക കള്ളവേദങ്ങളും അസത്യ സഭകളും ഭൂമുഖത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നാൽ സാക്ഷാൽ ദൈവത്താൽ സ്ഥാപിതമായ സത്യസഭ ദൃഷ്ടിഗോചരമായ ലക്ഷണങ്ങളോടുകൂടെ പരിലസിക്കുന്നു.

സത്യത്തെയും നീതിയേയും സ്നേഹിക്കുന്ന ഒരുവൻ നിഷ്പക്ഷമനസ്സോടേ അന്വേഷിക്കുന്നു എങ്കിൽ ദൈവസ്ഥാപിതമായ ഈ സഭയെ കണ്ടെത്തുവാൻ ഒട്ടും പ്രയാസമില്ല. തന്റെ പക്കലേക്കും, താൻസ്ഥാപിച്ച സഭയിലേക്കും മനുഷ്യരെ ആകർഷിക്കുന്നതിനായി ദൈവികത്വത്തെ പ്രദ്യോതിപ്പിക്കുന്ന അത്ഭുത സംഭവങ്ങൾ ഈ സഭയുടെ ആരംഭം മുതൽ ഇന്നുവരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ക്രിസ്തു ഈ ലോകത്തിൽ കൂടി സഞ്ചരിച്ചിരുന്നപ്പോൾ സംഭവിച്ചതുപോലെ തന്നെയാണു ഇന്നു ലൂർദിൽ വിശുദ്ധ കുർബാനയുടെ പ്രദക്ഷിണസമയങ്ങളിൽ സംഭവിക്കുന്നതെന്നു പറയാം. 'Seigneur-nous vus adorons' കർത്താവെ ഞങ്ങൾ നിന്നെ ആരാധിക്കുന്നു, Hosana au Fils de David' ദാവീദിന്റെ പുത്രനു ഹോസാന' ദൈവത്തിന്റെ പുത്രനായ ക്രിസ്തു നീയാകുന്നു. 'കർത്താവേ നിനക്കിഷ്ടമുണ്ടെങ്കിൽ എന്നെ സൌഖ്യപ്പെടുത്താം' 'കർത്താവേ ഒരു വാക്കുമാത്രം അരുളിച്ചെയ്യുക ഞാൻ സുഖം പ്രാപിക്കും, 'കർത്താവെ എനിക്കു കാഴ്ച തരിക' 'കർത്താവേ എന്നെ നടത്തുക' എന്നിപ്രകാരം കൂട്ടമായും, തനിച്ചും ഓരോരുത്തർ തങ്ങളുടെ ആവശ്യംപോലെ സാക്ഷാൽ ജീവനുള്ള വിശ്വാസത്തോടെ വിളിച്ചപേക്ഷിക്കുമ്പോൾ കുരുടൻ കാഴ്ചപ്രാപിക്കുന്നതും, മുടന്തൻ സുഖമായി നടക്കുന്നതും, തളർവാതക്കാരൻ എണീക്കുന്നതും, ചെകിടൻ കേൾക്കുന്നതും, ഊമൻ സംസാരിക്കുന്നതും മറ്റോരോ ദീനക്കാർ സൌഖ്യം പ്രാപിക്കുന്നതും സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയാൽ നടക്കുന്നതല്ലേ എന്നു പറവാൻ സുബോധമുള്ളവരിൽ ആർക്കാണു ധൈര്യം തോന്നുന്നത്. ഇതേപ്പറ്റി ആരെങ്കിലും സംശയിക്കുന്നെങ്കിൽ ആയാൾ വേണ്ട അന്വേഷണങ്ങൾ കഴിക്കട്ടെ. തന്റെ സംശയങ്ങളേയും, എതിർന്യായങ്ങളേയും തുറന്നു പറയട്ടെ. അതുകൊണ്ടും തൃപ്തിപ്പെടാത്തപക്ഷം ആ ആൾ ലൂർദിലേക്കുതന്നെ പോകട്ടെ. അവിടെ നടക്കുന്ന സംഭവങ്ങളേ തന്റെ കണ്ണുകൊണ്ടു കാണട്ടെ. കാരണമില്ലാതെ കാര്യമില്ലല്ലൊ. ഇതുകളുടെ ഒക്കെ കാരണമെന്തായിരിക്കാമെന്നു ആരെങ്കിലും നിഷ്പക്ഷനിലയിൽ വിധിക്കട്ടെ. കേട്ടുവിശ്വസിക്കാത്തവൻ കണ്ടു ബോദ്ധ്യപ്പെടട്ടെ. ഇപ്രകാരമുള്ള സംഭവങ്ങളാൽ ഇന്നും മാനുഷമക്കളേ തന്റെ പക്കലേക്കാകർഷിക്കയാണു ദൈവം ചെയ്യുന്നത്. യൂറോപ്പിലുള്ള പല സർവ്വകലാശാലകളിൽ നിന്നും അനേക ശാസ്ത്രജ്ഞന്മാരേ ഈ സ്ഥലത്തേക്കാകർഷിക്കയും, അവർ പല ദിവസങ്ങൾ ലൂർദിൽ താമസിച്ചുകൊണ്ടു നടക്കുന്ന ഓരോ സംഭവങ്ങളെയും കൃത്യമായി പരിശോധിക്കയും കടശി ഈ സ്ഥലത്തു പ്രത്യക്ഷപ്പെടുന്ന ദൈവശക്തിയേ ഏറ്റുപറയുകയുമാണു ഇന്നു ചെയ്യുന്നത്.

ദൈവജനനിയായ എത്രയും ഭാഗ്യപ്പെട്ട കന്യകമറിയത്തിന്റെ അമലോത്ഭവം സർവ്വദാ വാഴ്ത്തപ്പെട്ടതാകട്ടെ!

# "കൂനൻ കുരിശു്" സത്യം.

(റവ. ഫാദർ റൊമേയോ തോമസ് സി. ഡി. ബി. ഏ. (ഓണേഴ്സ്.)

യാക്കോബായ പാത്രിയക്കീസയച്ച ഒരു മെത്രാനെ മലങ്കരസുറിയാനിക്കാർ അദ്യമായി സ്വീകരിച്ചതു് 1665-ൽ അത്രെ. എന്നാൽ യാക്കോബായ പാത്രിയക്കീസിൻെറ അധികാരം ഇപ്രകാരം മലയാളത്തിൽ പ്രവേശിച്ചതു വിശ്വാസസംബന്ധമായ അഭിപ്രായഭേദംകൊണ്ടല്ല പിന്നെയോ സാമുദായികവും റീത്തിനെ സംബന്ധിച്ചതുമായ സംഗതികൾ നിമിത്തമാണു്.

ഗോവാ മെത്രാപ്പോലീത്തായായ മെനേസ്സസ്സ 1599-ൽ വിളിച്ചുകൂട്ടിയ ഉദയമ്പേരൂർ സൂനഹദോസു മുഖാന്തിരം, സുറിയാനിക്കാരിൽ നിന്നു സുറിയാനി മെത്രാന്മാരുടെ ഭരണം നീങ്ങിപ്പോയി. ലത്തീൻകാരും പറങ്കികളുമായ പൌളീസ്സാ (ജെസ്വീററു്) മെത്രാന്മാർ സുറിയാനിക്കാരെ ഭരിക്കാൻ തുടങ്ങി. സുറിയാനി റീത്തിനു പകരം ലത്തീൻ റീത്തു സ്ഥാപിക്കുന്നതിനും ലത്തീൻമെത്രാന്മാർ ശ്രമിച്ചു. ലത്തീൻ ഭരണം നിമിത്തം സുറിയാനിക്കാരും അവരുടെ അക്കദിയാക്കോനും അതൃപ്തരായിത്തീർന്നു. മാത്രമല്ലാ, അവരുടെയിടയിൽ വലിയ ക്ഷോഭങ്ങളും ഉണ്ടായി. സുറിയാനി മെത്രാനെ ലഭിക്കുന്നതിനു പോർട്ടുഗലിലേക്കും റോമ്മായിലേക്കും അനേകം ഹർജികൾ അവർ അയച്ചു. (Travancore state manual vol. II. pp. 180–1) ഇങ്ങനെ അമ്പതുവർഷംവരെ ശ്രമിച്ചുകൊണ്ടിരുന്നിട്ടും ഫലമുണ്ടായില്ല. ഉദ്ദേശം 1650-ൽ കൽദായ പാത്രിയക്കീസിനും അലക്സാന്ത്രിയാ, അന്തിയോന്തിയാ എന്നി പാത്രിയക്കീസന്മാർക്കും ഒരു മെത്രാനെ അയക്കുന്നതിലേക്കു് അവർ അപേക്ഷകളയച്ചു. 1653—ൽ അവുദാലാഹാ എന്ന ഒരു കൽദായ മെത്രാൻ ഇൻഡ്യയിലെത്തി. അദ്ദേഹത്തെ അയച്ചതു കത്തോലിക്കനായ കൽദായ പാത്രിയക്കീസാണെന്നു ജർമ്മൻ മുതലായ ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. (German. pp. 449–453) മൈലാപ്പൂരിൽ നിന്നു അവുദാലാഹാ മലയാളത്തിലേക്കു ഒരു കത്തയച്ചു. അതിൽ "നമ്മുടെ നാഥനായ മാർപ്പാപ്പായിൽ നിന്നു എനിക്കു സമസ്ത അധികാരങ്ങളും ലഭിച്ചിരിക്കുന്നു"വെന്നു പ്രസ്താവിച്ചിരുന്നു. (State manual vol II. pp. 182-3) ഈ എഴുത്തിൽ പറഞ്ഞിരുന്ന സംഗതികൾ സുറിയാനിക്കാർ അവരുടെ ലത്തീൻ മെത്രാനെ അറിയിച്ചു. പക്ഷെ അദ്ദേഹം അതു വ്യാജപ്രസ്താവനയായി തള്ളിക്കളഞ്ഞു. പറങ്കികൾ അവുദാലാഹായെ മൈലാപ്പൂർ നിന്നു കപ്പൽ കയററി ഗോവക്കയച്ചു. ഈ കപ്പൽ കൊച്ചിയിൽ അടുത്ത സംഗതി സുറിയാനിക്കാർ അറിഞ്ഞപ്പോൾ കൊച്ചീക്കോട്ടയിലെ പോർട്ടുഗീസധികാരിയുടെ അടുക്കൽ ചെന്നു മെത്രാനെ വിട്ടുകൊടുക്കുന്നതിനു ആവശ്യപ്പെട്ടു. എങ്കിലും അവുദാലാഹായെ കരക്കിറക്കാതെ ഗോവയിലേക്കയച്ചു. ലത്തീൻ മെത്രാൻെറയും പൌളീസ്സുരുടെയും ശ്രമത്താലാണു സുറിയാനി മെത്രാനെ വിട്ടുകൊടുക്കാഞ്ഞതു എന്നു സുറിയാനിക്കാർ ധരിക്കയാൽ അവർ നഗരാധികാരിക്കു ഒരെഴുത്തയച്ചു. അതിൽ ഇപ്രകാരം പറയുന്നു:= "ഞങ്ങളിൽ നിന്നു പൌലീസ്സുർ മാററിക്കളഞ്ഞ പാത്രിയക്കീസിനെ (സുറിയാനി മെത്രാനെ പാത്രിയക്കീസെന്നാണു സുറിയാനിക്കാർ വിളിച്ചതു്.)... തിരികെ വരുത്തുന്നതിനു നിങ്ങൾ സർവ്വശ്രമവും ചെയ്യണമെന്നു നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പാത്രിയക്കീസു പൌലീസ്സുരാൽ കൊല്ലപ്പെട്ടുപോയെങ്കിൽ, സുറിയാനി പരിചയമുള്ളവനും, ഞങ്ങളുടെ പള്ളിക്രമങ്ങൾ ഞങ്ങളെ പഠിപ്പിക്ക

ന്നതിനും, അവയിൽ ഞങ്ങളെ സഹായിക്കുന്നതിനും ശേഷിയുള്ളവനും, മററു നാലു സന്ന്യാസസഭകളിൽ ഏതിലെങ്കിലും ഉൾപ്പെട്ടവനുമായ വേറെ ആരെങ്കിലും മാർപ്പാപ്പായുടെ കല്പനപ്രകാരം ഇവിടെ വരട്ടെ; എന്നാൽ പൌളീസ്സർ വരരുത്. അവരെ ഞങ്ങൾ ഒട്ടും തന്നെ ആഗ്രഹിക്കുന്നില്ല. കാരണം, അവർ ഞങ്ങളുടെയും പരിശുദ്ധ മാതാവായ റോമ്മാപള്ളിയുടെയും ശത്രുക്കൾ ആകുന്നു. അവരൊഴികെ ആരെങ്കിലും വരട്ടെ, നിസ്സംശയം കീഴ്വഴങ്ങുന്നതിനു ഞങ്ങൾ ഒരുങ്ങിയിരിക്കുന്നു." (State manual vol. II. p. 184) ഇതിനിടക്കു, സുറിയാനി മെത്രാനെ കൊച്ചീക്കടലിൽ കെട്ടിത്താഴ്ത്തിയതായി ഒരു ശ്രുതി സുറിയാനിക്കാരുടെ ഇടയിൽ പരന്നു. നഗരാധികാരിയിൽ നിന്നു തൃപ്തികരമായ മറുപടി ലഭിക്കാഞ്ഞതിനാലും, മെത്രാൻ കൊല്ലപ്പെട്ടുവെന്നു വിശ്വസിച്ചതിനാലും കുപിതരായി, സുറിയാനപ്പട്ടക്കാരും ജനങ്ങളും 1653 ജനുവരി 3-ാംനു- മട്ടാഞ്ചേരിപ്പള്ളിയിൽ കൂടി, അവിടത്തെ "കൂനൻ കുരിശി"ൽ കയറു കെട്ടി അതിൽ എല്ലാവരും പിടിച്ചുകൊണ്ട്, "മേലാൽ ഒരിക്കലും പൌളീസ്സുകു വിധേയരാകയില്ലെന്നും അവരിൽ ആരെയും സ്വന്ത മെത്രാനായി സ്വീകരിക്കയില്ലെന്നും" സത്യം ചെയ്തു. ഇതാണു സുപ്രസിദ്ധമായ "കൂനൻ കുരിശു സത്യം."

ഈ സത്യം മാർപ്പാപ്പായുടെ അധികാരത്തെയോ, കത്തോലിക്കാ വിശ്വാസത്തെയോ പരിത്യജിക്കുന്ന ഒന്നല്ല. ഈശോ സഭയിൽ ഉൾപ്പെട്ട മെത്രാന്മാരെ (പൌളീസ്സരെ) സ്വീകരിക്കയില്ലെന്നു മാത്രമേ സുറിയാനിക്കാർ ശപഥം ചെയ്തിട്ടുള്ളു. സുറിയാനിക്കാരും പറങ്കികളും ഒരുപോലെ ഇതിനെ ലക്ഷീകരിക്കുന്നു. 1) കൂനൻ കുരിശുസത്യത്തിനു മുമ്പു സുറിയാനിക്കാർ പറങ്കിനധികാരിക്കെഴുതിയ മേലുദ്ധരിച്ച കത്തു ഇതിനെ സ്ഥാപിക്കുന്നു. മാർപ്പാപ്പായുടെ അധികാരത്തോടു കൂടെ വന്ന സുറിയാനിമെത്രാനെ പൌളീസ്സർ കൊന്നുകളഞ്ഞതായി സംശയിച്ചതിനാൽ, പൌളീസ്സരെ സ്വീകരിക്കയില്ലെന്നും, മാർപ്പാപ്പായുടെ കല്പനപ്രകാരം വരുന്ന മററാരെയെങ്കിലും സ്വീകരിക്കാൻ ഒരുങ്ങിയിരിക്കുന്നെന്നും സുറിയാനിക്കാർ പ്രസ്താവിക്കുന്നു. 2) കൊച്ചിയിലെ പറങ്കിയധികാരി ഗോവ വൈസ്രോയിക്കു കൂനൻകുരിശു സത്യത്തിൻെറശേഷം അയച്ച വിജ്ഞപ്തി ലേഖയിൽ ഈ കാര്യം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. "അവർ (സുറിയാനിക്കാർ) അവരുടെ മതാദ്ധ്യക്ഷനായി (പൌളീസ്സനായ ഗാർസ്യാ) മെത്രാപ്പോലീത്തായെ ആകട്ടെ, ഈശോ സഭക്കാര(പൌളീസ്സ)നായ മററാരെയെങ്കിലുമാകട്ടെ മേലിൽ ഒരിക്കലും സ്വീകരിക്കയില്ലെന്നു സത്യം ചെയ്തിരിക്കുന്നു." (State manual vol. II. p. 185) 3) കൂനൻകുരിശു സത്യത്തിൻെറശേഷം നാലു മാസം കഴിഞ്ഞപ്പോൾ ആലങ്ങാട്ടുപള്ളിയിൽ സുറിയാനിക്കാരുടെ ഒരു യോഗം സമ്മേളിച്ചു. പന്ത്രണ്ടു പട്ടക്കാർ കൂടി അർക്കദിയാക്കോനെ മെത്രാൻ വേഷം കെട്ടിച്ചു. ഈ അവസരത്തിൽ അവർ പ്രസിദ്ധം ചെയ്ത വിളംബരത്തിലും മാർപ്പാപ്പായുടെ അധികാരത്തെ അവർ ആദരിച്ചു. പൌളീസ്സരോടു മാത്രമാണു അവർക്കു നീരസമുള്ളതെന്നും അതിൽ പ്രസ്താവിച്ചിരുന്നു. വിളംബരം ഇപ്രകാരമായിരുന്നു. "മാർപ്പാപ്പായുടെയും പരിശുദ്ധമാതാവായ റോമ്മാപള്ളിയുടെയും കല്പനയനുസരിച്ചു വന്ന പാത്രിയർക്കീസിൽ (അവദാലാഹാ) നിന്നു സിദ്ധിച്ചിട്ടുള്ള അധികാരപ്രകാരം നാം ഏവരും ഒരു മെത്രാപ്പോലീത്തായെ (അർക്കദിയാക്കോൻ) വാഴിച്ചു. നാം നമ്മുടെ മെത്രാപ്പോലീത്തായോടു ചേർന്നു നില്ക്കണം. നാം ഇപ്രകാരം ചെയ്യുന്നതു നിമിത്തം നാം ഇടത്തൂട്ടുകാരാണെന്നു പൌളീസ്സർ പ്രസംഗമണ്ഡപത്തിൽ കയറി പ്രസംഗിച്ചാലും വേണ്ടതില്ല.... അവർ മാർപ്പാപ്പായുടെയും നമ്മുടെ വിശുദ്ധ മാതാവായ റോമ്മാസഭയുടെയും നമ്മുടെ മേലദ്ധ്യക്ഷ

ൻെറയും കല്പന വകവെയ്ക്കാഞ്ഞതിനാലും, നമ്മുടെയും വിശുദ്ധ മാതാവായ റോമ്മ സഭയുടെയും ശത്രുക്കളായിരിക്കുന്നതിനാലും നാം ഒരിക്കലും അവരോടു സ്നേഹമായി വർത്തിക്കയില്ല... ആ സന്യാസസഭയിലുൾപ്പെട്ട (ഗാർസ്യാ) മെത്രാപ്പോലീത്തായെ വകവെക്കയുമില്ല." op. cit. p. 185) 4) കൂനൻകുരിശു സത്യത്തിൻെറ ശേഷം, 1 04-ൽ മലങ്കര യാക്കോബായക്കാരെ ഭരിച്ചിരുന്ന നാലാമത്തെ മാർ തോമ്മാമെത്രാൻ തൻെറ അധികാരത്തിൽപെട്ട 29 പള്ളിക്കാരുടെയും പ്രധാനികളായ 12 വൈദികരുടെയും കൈയൊപ്പോടുകൂടി ഇടപ്പള്ളിയിൽ നിന്നു മാർപ്പാപ്പായിക്കു ഒരെഴുത്തയച്ചു. അതിൽ അവർ മതത്യാഗം ചെയ്യുന്നതിനുണ്ടായ കാരണം പൌളീസ്തരിൽ നിന്നുമുള്ള ഞെരുക്കമാണെന്നും വിവരിച്ചിരുന്നു. (Paulinos P. 447; മാർ തോമ്മാ ക്രിസ്ത്യാനികൾ, രണ്ടാംഭാഗം, പക്ഷം 173). 5) മലങ്കര യാക്കോബായക്കാരെ ഭരിച്ചിരുന്ന 5-ാം മാർ തോമ്മാ 1748—ൽ മാർപ്പാപ്പായിക്കു അയച്ച എഴുത്തിൽ, സുറിയാനി മെത്രാന്മാർ 1599 വരെ മലങ്കരസഭയെ ഭരിച്ചിരുന്നുവെന്നും, പിന്നീടു ലത്തീൻ മെത്രാന്മാരെ അനുഗമിച്ചതു മൂലം വളരെ കഷ്ടതകളും ഞെരുക്കങ്ങളും തങ്ങൾ അനുഭവിച്ചെന്നും, ഒടുവിൽ സുറിയാനിമെത്രാൻ വന്നപ്പോൾ പറങ്കികൾ അദ്ദേഹത്തെ അപായപ്പെടുത്തിയെന്നും, "അതിനാൽ പറങ്കികളും ഞങ്ങളും തമ്മിൽ ഒരു കാലത്തും സമാധാനവും ഐക്യവും ഉണ്ടാകയില്ലെന്നു ഞങ്ങൾ സത്യം ചെയ്തു" എന്നും പ്രസ്താവിച്ചു. (State manual vol. II p. 207) ആകയാൽ, കൂനൻ കുരിശു സത്യം കത്തോലിക്കാസഭയെയും മാർപ്പാപ്പായുടെ അധികാരത്തെയും ഒരിക്കലും സുറിയാനിക്കാർ സ്വീകരിക്കയില്ലെന്നായിരുന്നുവെന്നു ആധുനികകാലത്തു ചില യാക്കോബായക്കാരും പ്രോട്ടസ്റ്റാൻറുകാരും അഭിപ്രായപ്പെടുന്നതു വാസ്തവവിരുദ്ധമാണ്.

## ദൈവികമായക്രിസ്തുമതം.

(ശ്രീമാൻ സി. എം. ഫിലിപ്പ് ബി. എ. ബി. എൽ.)

ക്രിസ്തുമതം എന്താണെന്നു് ഇനിയും മനസ്സിലാക്കിയിട്ടില്ലാത്ത ചില അല്പബുദ്ധികൾ നമ്മുടെ നാട്ടിലും അവിടവിടെയായി പരമപാവനമായ ഈ മതത്തിനെതിരായി ഓരോ അബദ്ധങ്ങൾ പുറപ്പെടുവിച്ചുകാണുന്നതിനാൽ യഥാർത്ഥ ക്രിസ്തുമതം എന്താണെന്നു അവരെ മനസ്സിലാക്കിക്കൊടുക്കേണ്ട ചുമതല നമുക്കുണ്ടെന്നു വിസ്മരിക്കാവുന്നതല്ല.

ക്രിസ്തുമതാവതാരം ലോകചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽ ഏററവും ക്ഷോഭസങ്കലിതമായ ഒരു വ്യതിയാനമാകുന്നു. ക്രിസ്തുമതത്തിൻെറ ആവിർഭാവം മനുഷ്യരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഏററവും വിപ്ലവജനകമായ ഒരു സംഭവമായിരുന്നു എന്നുള്ളതിനെപ്പററി പക്ഷാന്തരമുണ്ടാവാൻ തരമില്ല.

മനുഷ്യരുടെ ഇടയിൽ ചില സംഗതികളിൽ മാററങ്ങൾ വരുത്തുന്നതു് ഒരു കല്ലു് അപ്പമാക്കുന്നതുപോലെ ദുസ്സാദ്ധ്യമാണു്. ഒരു മനുഷ്യൻെറ സ്വഭാവത്തെ മാററുന്നതു് എത്രമാത്രം പ്രയാസമുള്ള ഒന്നാണെന്നു നമുക്കറിയാം. ഒരു ജാതിയുടെ സ്വഭാവത്തെ മാററുന്നതു്, ഒരു മനുഷ്യൻെറ സ്വഭാവത്തെ മാററുന്നതിൽ വളരെ കൂടുതൽ പ്രയാസമുള്ളതാണെന്നു പറയേണ്ടതില്ലല്ലോ. ഭൂമിയുടെ ഭൂരിഭാഗത്തെ അധിവസിക്കുന്നവരായ ഒട്ടുവളരെ ജാതികളുടെ സ്വ

ഭാവത്തെ മാററുന്നതു് മാനുഷീകശക്തിക്കു് ഒരിക്കലും സാധിക്കുന്നതല്ല. എന്നാൽ ക്രിസ്തുമതം മനുഷ്യാതീതമായ ഈ പ്രവൃത്തിയെ നിർവഹിച്ചു.

ക്ഷോഭകരമായ ഒരു പ്രസ്ഥാനത്തെയാണു് യേശുക്രിസ്തു ലോകത്തിൽ ആനയിപ്പിച്ചതു്. മനുഷ്യർ അവരുടെ ആദർശങ്ങളെയും ജീവിതനടപടികളെയും, ആഗ്രഹങ്ങളെയും വ്യത്യാസപ്പെടുത്തുന്നതിനു ക്രിസ്തു അവരോടാജ്ഞാപിച്ചു. നവവും അപരിചിതവുമായ ഒരു സംഗതിയെ അദ്ദേഹം ലോകസമക്ഷം അവതരിപ്പിച്ചു. ക്രിസ്തുമതാരംഭത്തിനുമുമ്പു് പ്രസ്തുത വിഷയം ബുദ്ധിമാന്മാരുടെ ഒരു സംഘത്തിന്റെ ആലോചനയ്ക്കു പാത്രീഭവിച്ചിരുന്നെങ്കിൽ ക്രിസ്തുമതസ്ഥാപനം ദുസ്സാധ്യമായ ഒരു സംഗതിയാണെന്നു് അവർ നിശ്ചയമായും അഭിപ്രായപ്പെടത്തക്കവണ്ണം അതു് അത്രമാത്രം പ്രക്ഷോഭകരമായിരുന്നു. അക്രിസ്തീയജാതികൾക്കു് സുപരിചിതമായിരുന്ന സകലതിനും നേരേ വിപരീതമായ ഒരു വ്യത്യാസമാണു് ക്രിസ്തുമതം ആവശ്യപ്പെട്ടതു്. സാധാരണ ജനങ്ങളുടെ ആചാരങ്ങളെയും, അവകാശങ്ങളെയും മാത്രമല്ല, അവരുടെ ഭരണകർത്താക്കന്മാരുടെ നിരങ്കുശമായ അധികാരങ്ങളെയും ക്രിസ്തുമതം അവഗണിച്ചു. കീഴ്നടപ്പിനാലെന്നല്ല, വേദത്താൽത്തന്നെയും അനുവദിക്കപ്പെട്ടിരുന്ന ദുർവൃത്തികളേയും, ദുരാചാരങ്ങളെയും ക്രിസ്തുമതം വിദ്വേഷിച്ചു.

ക്രിസ്തുമതത്തെപ്പോലെ ഇത്ര പ്രക്ഷോഭജനകമായ ഒരു മതതത്വം ഇതിനുമുമ്പു ലോകചരിത്രത്തിൽ ആരും ആനയിപ്പിച്ചിട്ടില്ല. ജനസാമാന്യത്തിന്റെ ഗുണങ്ങളെയും, ഹിതങ്ങളെയും അടിസ്ഥാനപ്പെടുത്തി വിപ്ലവങ്ങളും, പരിഷ്കാരങ്ങളും ക്രിസ്തുമതത്തിനു മുമ്പും പിമ്പും ഉണ്ടായിട്ടുണ്ടു്. ക്രിസ്തുമതം ശക്തിമത്തായ മാനുഷികേച്ഛകളെ ബലമായി നിരോധിക്കയാണു ചെയ്തതു്. അതിനാൽ ലോകത്തിലുണ്ടായിട്ടുള്ളതിൽ ഏററവും വിസ്മയകരമായ ഒരു സംഭവമാണു് ക്രിസ്തുമതാവതാരമെന്നുള്ളതു നിസ്തർക്കമാകുന്നു.

ക്രിസ്തുമതം എത്രമാത്രം ക്ഷോഭകരമായിരുന്നു എന്നു ശരിയായി മനസ്സിലാക്കാൻപോലും ഇപ്പോൾ നമുക്കു പ്രയാസമാണു്. എന്തുകൊണ്ടെന്നാൽ ക്രിസ്തുമതഫലമായ ആചാരങ്ങളുടെയും, ഐതിഹ്യങ്ങളുടെയും ഇടയിൽ വസിക്കുന്ന നമുക്കു് അതിന്റെ ആവിർഭാവത്തിനുമുമ്പുള്ള സ്ഥിതിഗതികൾ എത്രക്ഷോഭാസ്പദമായിരുന്നു എന്നു് പരിഗണിക്കാൻതന്നെ സാധിക്കുന്നതല്ല.

ക്രിസ്തുമതസ്ഥാപനം മനുഷ്യാതീതമായ ഒരു പ്രവൃത്തിയായിരുന്നുഎന്നു് ഈ ഏക സംഗതിയെപ്പററി വിചിന്തനം ചെയ്താൽ കാണാവുന്നതാണു്. ക്രിസ്തുമതം ലോകത്തിൽ വരുത്തിയവിധത്തിലുള്ള ഒരു മാററംവരുത്തുന്നതിനു മാനുഷിക ശക്തിക്കു് അസാധ്യമാണെന്നു ആരും സമ്മതിക്കും. അതിനാൽ അമാനുഷികമായ ഒരു ശക്തിയുടെ അവശ്യാവശ്യം പ്രത്യക്ഷപ്പെടുന്നു. മാനുഷികമായ സകല ശക്തികളുടെയും സംഘടനയാൽപ്പോലും യേശു ക്രിസ്തുവിന്റെ മതം ലോകത്തിൽ സ്ഥാപിക്കുന്നതിനു് ഒരിക്കലും സാധിക്കുന്നതല്ലായിരുന്നു. ഏററവും മൃദുവായ ഒരു ചെടി, കീൽ ഉരുക്കിയുണ്ടാക്കിയ ഒരു തറയിൽ നട്ടു വളത്താമെന്നു നാം വിചാരിച്ചാൽ അതു എത്രമാത്രം സാധ്യമാകുമോ, അതുപോലെതന്നെ ആയിരുന്നു ഭൗതികചിന്തകളിലും ഇന്ദ്രിയസുഖാനുഭോഗങ്ങളിലും ലയിച്ചിരുന്ന മനുഷ്യഹൃദയത്തിൽ യേശുക്രിസ്തുവിന്റെ ആധ്യാത്മികതത്വം മുളച്ചു വേരുപിടിക്കേണ്ടിയിരുന്നതു്. ഭൂമിയും സ്വർഗ്ഗവും തമ്മിൽ എത്രമാത്രം വ്യത്യാസമുണ്ടോ, ക്രിസ്തുമതവും, അജ്ഞാനമതവും തമ്മിൽ അത്രമാത്രം വ്യത്യാസമുണ്ടായിരുന്നു. ഈ സ്വർഗ്ഗീയചെടി ഈ ലോകത്തിൽ വേരുപിടിച്ചു് തഴച്ചുവളരുന്നതിനു സ്വർഗ്ഗീയശക്തികൊണ്ടു മാത്രമേ സാധ്യമായിരുന്നുള്ളു. അതിനാൽ ക്രിസ്തുമതത്തിന്റെ ദൈവികത്വം ഏവർക്കും എളുപ്പത്തിൽ ബോധ്യപ്പെടുന്നതാണു്.

# കത്തോലിക്കാസഭയുടെ അഹങ്കാരവൈചിത്ര്യം.

(റവ. ഫാദർ വിൻസൻറു് സി. ഡി.)

"അകത്തോലിക്കാസഭകൾ അന്യോന്യം എത്രതന്നെ വ്യത്യസ്തങ്ങളായാലും തങ്ങളോടെതിർക്കുന്ന വിഷയത്തിൽ അവയെല്ലാം ഏകോപിച്ചു പ്രവർത്തിക്കുന്നു' എന്നു് കത്തോലിക്കാസഭ പലപ്പോഴും പരിഭവിക്കാറുണ്ടു്. പക്ഷെ അതിന്റെ കാരണം അറിഞ്ഞിട്ടില്ലാത്ത കത്തോലിക്കർ മാത്രമേ, ആ സംഗതിയിൽ അകത്തോലിക്കരായ ഞങ്ങളെ പഴിക്കുവാൻ മുതിരുകയുള്ളു. അഹങ്കാരം നീചമാണെന്നു് വളരെ തെളിവുകൾ കൂടാതെ കത്തോലിക്കരും സമ്മതിക്കും. കത്തോലിക്കാസഭയെ ഞങ്ങൾ വെറുക്കുകയൊ ഉപദ്രവിക്കയൊ ചെയ്യുന്നെങ്കിൽ അതിനുള്ള ഒരു പ്രധാന കാരണം അതിന്റെ അതിരററ അഹങ്കാരമാണെന്നു പരസ്യമായി പറഞ്ഞുകൊള്ളട്ടെ. കത്തോലിക്കരുടെ സംഖ്യാശക്തി, സഭയുടെ പ്രാചീനത്വം, സമുദായത്തിൽ അതിനുള്ള പ്രശസ്തമായ നില മുതലായ വിശേഷങ്ങളെപ്പററി സ്വയം പ്രശംസിക്കയേ ചെയ്യുന്നുള്ളുവെങ്കിൽ ഞങ്ങൾക്കു വഴക്കിനു കാരണമില്ലായിരുന്നു. പക്ഷെ അത്രയുമാണൊ അതു ചെയ്യുന്നതു്? മററു ക്രൈസ്തവസഭകളെ അതു നിന്ദിക്കയും അധിക്ഷേപിക്കയും ചെയ്യുന്നു. ഇന്നു ഭൂമുഖത്തു് ക്രിസ്തുവിന്റെ സഭയായി അതൊന്നു മാത്രമേ ഉള്ളുവെന്നും, അകത്തോലിക്കരെല്ലാം ക്രിസ്തുവിന്റെ സഭക്കു പുറത്താണെന്നും അതിനാൽ അവർക്കൊക്കെയും ഗതിപാതാളമാണെന്നും ആ സഭ പ്രശംസിക്കുന്നു! ഇതിൽപരം അകത്തോലിക്കരെ വേദനിപ്പിക്കുന്നതായി എന്തു പറവാനുണ്ടു്? ഇങ്ങനെയുള്ള ഒരു സഭയെ ഞങ്ങൾ വെറുക്കുന്നതിൽ ആർക്കും അത്ഭുതത്തിനവകാശമില്ല."

അകത്തോലിക്കരിൽ പലരും കത്തോലിക്കാസഭയെപ്പററി പറഞ്ഞുവരുന്ന ഒരാക്ഷേപമാണു് മേൽ ഉദ്ധരിച്ചിരിക്കുന്നതു്. കത്തോലിക്കാസഭയുടെ തത്വങ്ങളെ പഠിക്കുന്നതിൽ അകത്തോലിക്കർ ധാരാളം ഔൽസുക്യം പ്രദർശിപ്പിക്കുന്ന ഇക്കാലത്തു് പ്രകൃതവിഷയത്തെപ്പററി ഒരു സമാധാനം എഴുതുന്നതു ഉപകാരപ്രദമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

കത്തോലിക്കാസഭയിൽ മാത്രമേ രക്ഷയുള്ളു എന്നും വേറെ ഏതുസഭയിൽ നിന്നാലും രക്ഷ പ്രാപിക്കുക അസാദ്ധ്യമാണെന്നും ആ സഭ പ്രസംഗിക്കുന്നു എന്നുള്ളതു വാസ്തവമാണു്. അകത്തോലിക്കർക്കു് ഇതിലധികം ഹൃദയശല്യമായ ഒരു പ്രസംഗം വേറെ കാണുകയില്ല എന്നതും പരമാർത്ഥം. പക്ഷെ ഇതിൽ എന്തഹങ്കാരമാണുള്ളതു്? ഇതൊരധിക്ഷേപമായി കരുതുന്നതെന്തിനു്?

ലോകരക്ഷകനായ മിശിഹാ ഒരു വിശ്വാസം മാത്രം ഉപദേശിച്ചു എന്നും ആ വിശ്വാസത്തെ കാത്തു സംരക്ഷിച്ചുപോരുന്നതിനും അന്യരോടു പ്രസംഗിക്കുന്നതിനും ഒരു സഭയെ മാത്രം അവിടന്നു് സ്ഥാപിച്ചു എന്നും ഉള്ള തത്വം അന്യരുടെ നേരെയുള്ള സ്പർദ്ധകൊണ്ടും അസൂയകൊണ്ടും കത്തോലിക്കർ സൃഷ്ടിച്ച ഒന്നാണോ? ഒന്നധികം സഭകളുള്ളതായി വേദപുസ്തകത്തിൽ ഒരിടത്തും കാണ്മാനില്ല. ഏകസഭയേ ഉള്ളു എന്ന തത്വം അപ്പസ്തോലന്മാരിൽ നിന്നു് പരമ്പരയാ എന്നും വിശ്വസിച്ചുപോന്നിട്ടുള്ളതും അങ്ങനെ എല്ലാവരും വിശ്വസിക്കേണ്ടതായി ൧൬൦൦ വർഷങ്ങൾക്കു മുമ്പു് നിക്യാ സൂനഹദോസിൽ നിർണ്ണയം ചെയ്തിട്ടുള്ളതും ആകുന്നു. ആ സൂനഹദോസിന്റെ വിശ്വാസസംഹിതയെ ഗ്രീക്കുകാരും യാക്കോബായക്കാരും പ്രോട്ടസ്റ്റൻറുകാരും കത്തോലിക്കരും ഒ

രുപോലെ സ്വീകരിച്ചുപോരുന്നുണ്ടല്ലോ. ആ സ്ഥിതിക്ക്, മിശിഹായുടെ സഭ ഏകമെന്നും, അതൊഴിച്ചു ക്രൈസ്തവസഭയെന്നു പേരെടുത്തിട്ടുള്ള വേറൊരു സഭയും സത്യസഭയല്ലെന്നും, അതിനാൽ അവയൊന്നും ആത്മരക്ഷയ്ക്കുള്ള മാർഗ്ഗമല്ലെന്നും കത്തോലിക്കാസഭ പ്രസംഗിക്കുമ്പോൾ, അതു അധികപ്രസംഗമാണെന്നും അന്യസഭകളോടു ചെയ്യുന്ന വലിയ അന്യായവും അധിക്ഷേപവുമാണെന്നും ഘോഷിക്കുന്നതിൻെറ അർത്ഥമന്തു? ഇതാണോ കത്തോലിക്കാസഭയുടെ മഹാ ഔദ്ധത്യം? ഇതാണോ അതിൻെറ അതിരില്ലാത്ത അഹങ്കാരം? അങ്ങനെയെങ്കിൽ വിചിത്രമെന്നേ പറയാനുള്ളൂ.

നിക്യാസൂനഹദോസിൻെറ വിശ്വാസവും സ്വീകരിച്ചുകൊണ്ടു വിവിധസഭാവാദത്തിനിറങ്ങുന്നതിലുള്ള അസാംഗത്യം, ഗോപനം ചെയ്യുവാൻ നിർവ്വാഹമില്ലാത്തവണ്ണം അത്ര വ്യക്തമായിരിക്കുന്നു എന്നു അകത്തോലിക്കരിൽ വളരെ പേർക്കറിയാം. അതുകൊണ്ടു തന്നെയാണ് ആ പഴകിയ വിശ്വാസതത്വങ്ങളെ ഒന്നു പരിഷ്കരിച്ചു നവീകരിക്കാൻ അത്യാവശ്യമെന്ന് പ്രോട്ടസ്റ്റൻറുകാരിൽ ഒരു കൂട്ടർ ഇപ്പോൾ മുറവിളി കൂട്ടിത്തുടങ്ങിയിരിക്കുന്നത്. "വേദപുസ്തകത്തിലെ മിക്ക സംഗതികളും വായിച്ചു രസിക്കാൻ മാത്രംകൊള്ളുന്ന കല്പിതകഥകളാണ്; ക്രിസ്തു ദൈവമല്ല; ഏഷ്യാക്കാർക്ക് ക്രിസ്തുമതം സ്വീകരിക്കേണ്ടതില്ല; ക്രിസ്തുവെന്നു പറഞ്ഞാലും ബുദ്ധൻ എന്നു പറഞ്ഞാലും രണ്ടു കൂട്ടരും ഒരു ദൈവത്തെയല്ലെ ആരാധിക്കുന്നത്!" എന്നും മറ്റും മതോപദേശം ചെയ്യുന്ന മഹാശയന്മാർ ആ സഭയിലെ പവിത്രപദങ്ങളെ അലങ്കരിക്കുന്ന ഇക്കാലത്തു, നിക്യാസൂനഹദോസിൻെറ വിശ്വാസത്തെ എന്നല്ല വേദപുസ്തകത്തെത്തന്നെ ആവശ്യംപോലെ ഒന്നു തെറ്റുതിരുത്തി എന്നു വരാം. അതെങ്ങനെയെങ്കിലുമിരിക്കട്ടെ. നിക്യാസൂനഹദോസിനെ ബഹിഷ്കരിക്കാത്ത കാലത്തോളം, അവർ ഈ വാദത്തിനു ഒരു കണ്ടകാടാലിയായി നിലനില്ക്കും എന്നു മാത്രമേ ഇവിടെ പ്രസ്താവിക്കേണ്ടതുള്ളൂ.

## മെക്ക്സിക്കോയുടെ ആശ്രയം.

(ശ്രീമാൻ എൽ. സി. ഐസക്ക് ബി. ഏ.)

കാലസ്സിൻെറ മതപീഡനംനിമിത്തം മെക്ക്സിക്കോരാജ്യം ഇപ്പോൾ ലോകത്തിൻെറ ശ്രദ്ധയെ ആകർഷിച്ചിരിക്കയാണല്ലോ. ലൂർദ്ദ് മുതലായ വിശിഷ്ട സ്ഥലങ്ങൾപോലെ മെക്ക്സിക്കോയിലും പരിശുദ്ധ കന്യകയുടെ പ്രത്യേക അനുഗ്രഹത്തിനും അത്ഭുതങ്ങൾക്കും വിഷയമായി ഗ്വാഡലൂപ്പ് എന്നു പേരായ ഒരു സ്ഥലമുണ്ട്. ആണ്ടുതോറും അനവധി വിശ്വാസികൾ പല സ്ഥലങ്ങളിൽ നിന്നും തീർത്ഥാടനാർത്ഥം ഇവിടെ എത്തുകയും അസംഖ്യം അനുഗ്രഹങ്ങൾ പ്രാപിക്കയും ചെയ്യുന്നുണ്ട്. ഗ്വാഡലൂപ്പ്, ദൈവജനനിയുടെ തീർത്ഥസ്ഥലമായി തീരുന്നതിനു കാരണമായ സംഭവത്തെപ്പററി അറിയുന്നതു സന്ദർഭോചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

1531 ഡിസംബർ 9-ാംനു- ശനിയാഴ്ച (സ്പെയിൻകാർ മെക്ക്സിക്കോ പിടിച്ചടക്കി 10 കൊല്ലം കഴിഞ്ഞശേഷം) ജുവാൻ ദിയാഗോ എന്ന ഒരു പുതുക്രിസ്ത്യാനി മെക്ക്സിക്കോപട്ടണത്തിനു സമീപമുള്ള ഒരു ദേവാലയത്തിൽ ദിവ്യപൂജ കാണുന്നതിനായി പോകയായിരുന്നു. വഴിമദ്ധ്യേ ഒരു വിജനപ്രദേശത്ത് യാദൃശ്ചികമായി പക്ഷികളുടെ ഗാനംപോലെ ഒരു ശ

ണ്ടും കേൾക്കയുണ്ടായി. ജുവാൻ ആശ്ചൎയ്യഭരിതനായി ശബ്ദമുണ്ടായ ഭാഗത്തു നോക്കുമ്പോൾ ഒരു പ്രകാശം കാണപ്പെട്ടു. അയാൾ ഭയപ്പെട്ടു മുട്ടിന്മേൽ നിന്നുകൊണ്ടു നന്മനിറഞ്ഞമറിയമെന്ന നമസ്കാരം ചൊല്ലിത്തുടങ്ങി. ഉടൻ പ്രകാശമദ്ധ്യേ സൌന്ദൎയ്യവതിയായ ഒരു സ്ത്രീരൂപം പ്രത്യക്ഷപ്പെടുകയും അടുത്തു വരിക എന്നു ആജ്ഞാപിക്കുന്നതായി ഒരു സ്വരം അയാൾ ശ്രവിക്കകയും ചെയ്തു. ജുവാൻ തദനുസരണം ഭയഭക്തിസമേതം അടുത്തുചെന്നു. "എന്റെ മകനെ, നീ എവിടേക്കു പോകുന്നു?" എന്നു ആ മഹതി അയാളോടു ചോദിച്ചു. "ദൈവവും തന്റെ പ്രതിപുരുഷന്മാരും കല്പിച്ചിട്ടുള്ളപ്രകാരം ദിവ്യപൂജ കാണുന്നതിനായി പോകുകയാണു" എന്നു ജുവാൻ മറുപടി പറഞ്ഞു.

"ജുവാൻ ദിയാഗോ, ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടികൎത്താവിന്റെ മാതാവായ കന്യക ഞാനാണെന്നറിഞ്ഞാലും. നിന്റെ സ്വദേശികളുടെമേൽ എനിക്കുള്ള സ്നേഹത്തെ കാണിക്കുന്നതിനായി ഈ സ്ഥലത്തു ഒരു ദേവാലയം പണിയണം. അതിനാൽ നീ ഉടൻ തന്നെ മെക്സിക്കോ പട്ടണത്തിൽ ചെന്നു മെത്രാനെ വിവരം ധരിപ്പിക്കുക. എന്റെ ഇഷ്ടം നിറവേറുന്നതിനു നിനക്കു വലിയ അനുഗ്രഹങ്ങൾ ലഭിക്കുന്നതാണു" എന്നു പ്രത്യക്ഷയായ ആ കന്യക അയാളോടരുളിച്ചു. ഇതിന്റെ ശേഷം മാതാവു അപ്രത്യക്ഷയായി. ജുവാൻ ദിയാഗോ മെത്രാന്റെ പക്കൽ എത്തി പരിശുദ്ധകന്യകയുടെ സന്ദേശത്തെ അറിയിച്ചു. മെത്രാൻ ഈ സാധുമനുഷ്യനെ വിശ്വസിച്ചില്ലെന്നു മാത്രമല്ല അയാൾക്കു ചിത്തഭ്രമമാണെന്നു സംശയിച്ചു അദ്ദേഹത്തിന്റെ പക്കൽനിന്നു കൊണ്ടു പോകുന്നതിനു ആജ്ഞാപിക്കക്കൂടെ ചെയ്തു. തന്റെ അയോഗ്യതകൊണ്ടാണു കാൎയ്യം സഫലമാകാഞ്ഞതെന്നു വിചാരിച്ചു ജുവാൻ അധോമുഖനായി വീണ്ടും സന്ധ്യയോടുകൂടി മാതാവു പ്രത്യക്ഷപ്പെട്ട സ്ഥലത്തേക്കുപോയി. അവിടെ ദൈവജനനി അയാളുടെ വരവിനായി കാത്തുനില്ക്കുന്നുണ്ടായിരുന്നു. മുട്ടിന്മേൽ നിന്നു ജുവാൻ കണ്ണുനീർ വീഴ്ത്തി തന്റെ അനുഭവത്തെ അറിയിക്കയും തന്നേക്കാൾ പ്രാപ്തനായ ഒരുവനെ ഇതിലേക്കു നിയോഗിക്കണമെന്നപേക്ഷിക്കയും ചെയ്തു. തന്റെ ആജ്ഞയെ നിറവേറ്റുന്നതിനായി അനേകവൃന്ദം മാലാഖാമാർ തന്നെയുണ്ടെങ്കിലും ജുവാൻ തന്നെ പ്രസ്തുതകൃത്യം നിറവേറ്റേണ്ടതാണെന്നു മാതാവു അരുളിച്ചെയ്കയാണുണ്ടായതു്.

ഇതിൻപ്രകാരം ജുവാൻ പിറേറദിവസം പ്രഭാതത്തിൽ വീണ്ടും മെത്രാന്റെ പക്കൽ ആഗതനായി. ഈ പ്രാവശ്യം മെത്രാൻ കൂടുതൽ ശ്രദ്ധയോടുകൂടി കാൎയ്യങ്ങൾ കേൾക്കുകയും അയാളോടു അനേകം ചോദ്യങ്ങൾ ചോദിക്കയും ചെയ്തു. ഒടുവിൽ യാതൊരു സംശയത്തിനും ഇടയാകാത്തവണ്ണം എന്തെങ്കിലും ഒരു ലക്ഷ്യം മാതാവിൽനിന്നു ആവശ്യപ്പെടണമെന്നു അദ്ദേഹം പറഞ്ഞയച്ചു. നമ്മുടെ പുതുക്രിസ്ത്യാനി അതിൻപ്രകാരം സമ്മതിച്ചു. ഇയാൾക്കു ചിത്തഭ്രമമാണോ എന്നറിയുന്നതിനു ജുവാനെ അനുഗമിക്കുന്നതിനായി മെത്രാൻ രഹസ്യത്തിൽ രണ്ടു പേരേക്കൂടെ അയക്കുകയുണ്ടായി. എന്നാൽ ഇവർ അയാളെ അനുഗമിച്ചു കുറെ ദൂരം പോയപ്പോൾ ജുവാൻ ഇവരുടെ ദൃഷ്ടിയിൽ നിന്നു പെട്ടെന്നു അദൃശ്യനായിത്തീൎന്നു. ദിയാഗോ പതിവുപോലെ മാതാവിന്റെ സന്നിധിയിൽ എത്തി തക്കതായ ലക്ഷ്യം എന്തെങ്കിലും കൊടുക്കണമെന്നപേക്ഷിക്കയിൽ പിറേറദിവസം രാവിലെ അവിടെ ഹാജരാകണമെന്നു കല്പിച്ചിട്ടു മാതാവു അപ്രത്യക്ഷയായി.

പ്രഭാതത്തിൽ ജുവാനു അയാളുടെ പിതൃവ്യനായ ബൎണദിനോസ്സു ദീനം കലശലാകയാൽ ആജ്ഞാനുസരണം പോകുന്നതിനു സാധിച്ചില്ല. എന്നുമാത്രമല്ല പിറേറദിവസം രാവിലെ മരണാസന്നനായ ദീനക്കാരനു അന്ത്യകൂദാശകൾ കൊടുക്കുന്നതിനായി ഒരു വൈദികനെ വിളിക്കാൻ അയാൾ

യാത്രയായപ്പോൾ മാതാവു പ്രത്യക്ഷപ്പെട്ട സ്ഥലത്തു കൂടി പോകുന്നപക്ഷം യാത്രക്കു താമസ്സമുണ്ടാകുമെന്നു ഭയപ്പെട്ട സാധു മനുഷ്യൻ വേറൊരു വഴിയെയാണു തിരിച്ചതു്. എന്നാൽ വഴിമദ്ധ്യേ പരിശുദ്ധ കന്യക അയാൾക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടു ബർണർദീനോയ്ക്കു താൻ സൌഖ്യം കൊടുക്കുന്നതാണെന്നും ഒരിക്കൽകൂടി മെത്രാന്റെ പക്കൽ പോകണമെന്നും ആജ്ഞാപിച്ചു. യാതൊരു സംശയവും കൂടാതെ അപ്പോഴും ദിയാഗോ ലക്ഷ്യം ആവശ്യപ്പെട്ടു. അപ്പോൾ അടുത്തുണ്ടായിരുന്ന കുന്നിൻ മുകളിൽ നിന്നു ധാരാളം റോസപുഷ്പങ്ങൾ ശേഖരിച്ചുകൊണ്ടു പോകുന്നതിനാണു ദൈവജനനി കല്പിച്ചതു്. ആ സ്ഥലത്തെങ്ങും റോസച്ചെടികൾ ഒരിക്കലും ഉണ്ടാകുന്നതല്ലെന്നു അറിഞ്ഞിരുന്നെങ്കിലും ജുവാൻ മടികൂടാതെ അവിടെച്ചെല്ലുകയും അത്ഭുതകരമായവിധത്തിൽ കാസ്റ്റയിൽ പ്രദേശങ്ങളിൽ മാത്രം സുലഭമായിരുന്ന വിശേഷതരമായ റോസപുഷ്പങ്ങൾ ഒരു വസ്ത്രം നിറയെ ശേഖരിച്ചു മടങ്ങുകയാൽ മാതാവു പുഷ്പങ്ങളെ സ്പർശിച്ചശേഷം ഭദ്രമായി സൂക്ഷിച്ചുകൊണ്ടു മെത്രാന്റെ പക്കൽ പോകുന്നതിനു ആജ്ഞാപിച്ചു അയാളെ അയക്കയും ചെയ്തു.

ജുവാൻ ദിയാഗോ ബദ്ധപ്പെട്ടു മെത്രാന്റെ പക്കൽ ആഗതനായി. അദ്ദേഹത്തിന്റെ സ്വദേശത്തു മാത്രം സുലഭമായിരുന്ന റോസപ്പുഷ്പങ്ങൾ കണ്ടതിൽ അദ്ദേഹം ആശ്ചര്യചകിതനായി. ഇതുകൊണ്ടുമായില്ല. പുഷ്പങ്ങൾ പൊതിഞ്ഞിരുന്ന വസ്ത്രത്തിൽ ജുവാൻ വർണ്ണിച്ചപ്രകാരമുള്ള ഒരു മഹൽസ്വരൂപവും പ്രത്യക്ഷപ്പെട്ടു. ഉടൻതന്നെ എല്ലാവരും മുട്ടിന്മേൽ നിന്നു ആ ദിവ്യമാതാവിനു സ്തോത്രം ചെയ്തു. മാതാവു് അർദ്ധചന്ദ്രനെ ചവിട്ടുകയും അതിന്റെ കീഴിലായി ഒരു ദൈവദൂതൻ വലത്തു കൈകൊണ്ടു മാതാവിന്റെ വസ്ത്രപുറം സ്പർശിക്കയും ചെയ്യുന്ന വിധത്തിലാണു ഛായ പതിഞ്ഞിരുന്നതു്.

അത്ഭുതകരമായ ഈ പടം ഗ്വാഡലൂപ്പിലെ ബസീലിക്കായിൽ ഒരു സ്വർണ്ണചട്ടത്തിനകത്തു ഇന്നും ഭദ്രമായി സൂക്ഷിച്ചിരിക്കുന്നതായി കാണാം. ഛായ പതിഞ്ഞ ജുവാൻ ദിയാഗോയുടെ വസ്ത്രം യാതൊരു കേടും കൂടാതെ ഇന്നും സ്ഥിതിചെയ്യുന്നു. അനേകം പ്രാവശ്യത്തെ പരിശോധനകൾ ഇതിനകം നടത്തിയിട്ടുണ്ടു്. അത്ര ഭംഗിയായോ, ആ നിറത്തിലൊ, അതുപോലെയുള്ള വസ്ത്രത്തിലൊ ഒരു ഛായ ചിത്രിക്കുന്നതിനു ആർക്കും സാധിക്കുന്നതല്ലെന്നു എല്ലാവരും ഏകകണ്ഠമായി പ്രസ്താവിക്കുന്നു.

കാലവിളംബമെന്യേ ഒരു ചെറിയ ദേവാലയം നിശ്ചിതസ്ഥലത്തു പണിചെയ്തു. 1662-ൽ വളരെ ധനം ചെലവുചെയ്തു വേറൊന്നു പണികഴിച്ചു. 1703ൽ അതിലും ഉപരിയായി ഒന്നുകൂടി സ്ഥാപിച്ചു. 22 കൊല്ലങ്ങൾക്കു മുമ്പു ഈ ദേവാലയം ഒരു ബസിലിക്കായായി പ്രതിഷ്ഠിക്കയുണ്ടായി.

1532 മുതൽ ഈ സ്ഥലത്തേക്കു മുറക്കു തീർത്ഥയാത്രകൾ നടന്നുകൊണ്ടിരിക്കുന്നു. ബർണർദിനോയും, ജുവാനും മാതാവിന്റെ പ്രസ്തുത ദേവാലയത്തിലെ ശുശ്രൂഷകന്മാരായി അവരുടെ ജീവിതശേഷം വിനിയോഗിച്ചു. മാർപ്പാപ്പാമാർ മെക്സിക്കോയിലെ സംഭവത്തെ വിചാരണ ചെയ്തംഗീകരിച്ചിട്ടുണ്ടു്. 14-ാം ബനദിക്തോസു മാർപ്പാപ്പാ ഗ്വാഡലൂപ്പ് മാതാവിനെ മെക്സിക്കോയുടെ സംരക്ഷകയായും ആ നാഥയുടെ തിരുനാൾദിനമായ ഡിസംബർ 12-ാംതീയതി അവിടെ ഒരു കടമുള്ള ദിവസമായും പ്രഖ്യാപനം ചെയ്തു. 13-ാം ലെയോൻ മാർപ്പാപ്പാ 10-ാം പീയൂസു മാർപ്പാപ്പാ മുതലായ പരിശുദ്ധ പിതാക്കന്മാരും ഗ്വാഡലൂപ്പുമാതാവിന്റെ ഭക്തിപ്രചാരത്തിൽ വളരെ സഹായിച്ചിട്ടുണ്ടു്.

ജുവാൻ ദിയാഗോയുടെ വസ്ത്രത്തിൽ അത്ഭുതമായി പതിഞ്ഞ പടത്തിന്റെ പ്രതികൾ ഇപ്പോൾ മെക്സിക്കോയിലെ എല്ലാ ഭവനങ്ങളിൽ മാത്രമല്ല തെരുവുകളിലും, വ്യവസായശാലകളിലും, കടകളിലും എന്നുവേണ്ടാ എവിടെയും ഭക്തിപൂർവ്വം പ്രതിഷ്ഠിച്ചുവരുന്നു. മനോഗുണനിധിയായ മാതാവ് ഇപ്പോഴും അവിടെ അനേകം അ

ത്ഭുതങ്ങൾ ചെയ്യുന്നുണ്ടു്. ഈ ഞെരു
ക്കകാലത്തും പരിശുദ്ധ അമ്മയുടെ സ
ഹായം മെക്സിക്കോയിക്കുണ്ടാകാതി
രിക്കയില്ല.

## തിരുഹൃദയ ഭക്തന്മാർ ൧൯൨൭ മകരമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### മെക്ക്സിക്കോയിലെ മതപീഡനം.

അമേരിക്കയുടെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന മെക്സിക്കോ എന്ന രാജ്യത്തു കുറെനാളായി മതപീഡനം ശക്തിപ്പെട്ടുവരുന്ന വിവരം എല്ലാവരും ഏറെക്കുറെ അറിഞ്ഞിട്ടുള്ളതാണല്ലോ. മെക്സിക്കോയിലെ ജനങ്ങളിൽ ൯൪ ശതമാനവും കത്തോലിക്കരായിരുന്നിട്ടും മിഷ്യൻ വിരോധികളുടെ ശക്തിമൂലം ഇപ്പോഴത്തെ പ്രസിഡണ്ടു് കാല്ലെസ് തിരുസഭയെ അതികഠിനമായി ഞെരുക്കിവരുന്നു. തിരുസഭയുടെ ആദ്യ മൂന്നാം നൂറ്റാണ്ടുകളിലും പ്രാൻസിലെ മതവിപ്ലവകാലത്തും കുറെ നാളുകളായി റഷ്യയിലെ സോവിയെറ്റു ഗവന്മെണ്ടു മൂലമായും നടന്നിട്ടുള്ള മതപീഡനങ്ങളെപ്പോലും കടക്കത്തക്കവിധത്തിൽ അത്ര കഠിനമായിട്ടാണു് മെക്സിക്കോയിൽ ഇപ്പോൾ മതപീഡനം നടക്കുന്നതു എന്നറിയുന്നു.



പരിശുദ്ധ പിതാവിന്റെ സ്ഥാനാപതിയായിരുന്ന കരുവാനാ മെത്രാപ്പോലീത്തായേയും മെക്സിക്കോ സ്വദേശകളല്ലാതിരുന്ന അനവധി സന്ന്യാസികളെയും കന്യകകളെയും ബലമായി രാജ്യത്തിൽനിന്നു ബഹിഷ്ക്കരിക്കയും, ഓരോ ഇടവകകളിലും രൂപതകളിലും ഒരു ക്ലിപ്തസംഖ്യ വൈദികന്മാർമാത്രമെ മതശുശ്രൂഷ ചെയ്തുകൂട എന്നു നിയമം നടപ്പിൽ വരുത്തുകയും ചെയ്തിരിക്കുന്നു. ഉദ്ദേശം വൽ ലക്ഷം കത്തോലിക്കരുള്ള മെക്സിക്കോ പട്ടണത്തിലും പരിസര പ്രദേശങ്ങളിലും ൯൦ വൈദികന്മാർ മാത്രമെ മതശുശ്രൂഷ ചെയ്തുകൂട എന്നു കാല്ലെസ് നിശ്ചയിച്ചിരിക്കുന്നു.

പള്ളിവക മുതലുകളും കെട്ടിടങ്ങളും പൊതുസ്വത്തു എന്ന നിലയിൽ കണ്ടുകെട്ടിയിരിക്കയാണു്. കൂട്ടമായിട്ടു ജപങ്ങൾ നടത്തുക, രഹസ്യസ്ഥലങ്ങളിൽ കുർബാന കാണുക, മതോപദേശം നടത്തുക ആദിയായവ ഗൗരവതരങ്ങളായ കുറ്റങ്ങളായി പരിഗണിച്ചു അങ്ങിനെ ചെയ്യുന്നവരെ കഠിനമായി ശിക്ഷിച്ചുവരുന്നു. കുർബാന കണ്ടകുറ്റത്തിനു ഒരുമാസത്തെ തടവുശിക്ഷയനുഭവിക്കുന്ന പല സേനാനായകർ ഇന്നു മെക്സിക്കോയിലുണ്ടെന്നാണു് കാണുന്നതു്. കാല്ലെസും കൂട്ടരും തിരുസഭയോടു ചെയ്യു ഈ വിധ ദ്രോഹങ്ങളെ മെക്സിക്കോയിലെ കത്തോലിക്കർ ക്ഷമാപൂർവ്വം സഹിക്കയാണു് ചെയ്യുന്നതു്. മതപീഡനം ഒന്നിനൊന്നു ശക്തിപ്പെടുന്നതല്ലാതെ കുറഞ്ഞുകാണുന്നില്ലാ.

ഈ കഠിന മതപീഡനം അവസാനിക്കുന്നതിനായി ന. പ. പിതാവു ൧൧-ാം പ. യൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ആഗ്രഹാനുസരണം കഴിഞ്ഞ അഗസ്റ്റ് ഒന്നാം തീയതി തിരുസഭയിലെങ്ങും പരസ്യ പ്രാർത്ഥനകൾ നടത്തുകയുണ്ടായല്ലോ. പീഡനം ഇതുവരെ ശമിച്ചിട്ടില്ലാത്തതിനാൽ അപേക്ഷ തുടർന്നുകൊണ്ടു പോകേണ്ട ആവശ്യമുണ്ടു്.

ഈ മാസം മുഴുവനും തിരുഹൃദയഭക്തന്മാർ തങ്ങളുടെ പ്രാർത്ഥനകളിൽ മെക്സിക്കോയിലെ തങ്ങളുടെ സഹോദരങ്ങളെ അനുസ്മരിച്ചു അവരുടെ ഞെരുക്കം അവസാനിച്ചു തിരുസഭയ്ക്കു അവിടെ പൂർവ്വാധികം സമാധാനവും പ്രാബല്യവും ഉണ്ടാകുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് പരിശുദ്ധ പിതാവു അത്യധികം ആഗ്രഹിക്കുന്നു.

കുംഭമാസം:— വി. ലൂയീസു ഗൊൺസാഗായുടെ ജൂബിലി.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### 1. വി. ലൂയീസുഗോൺസാഗാ.

പ്രിയകുഞ്ഞുങ്ങളെ,

യുവജനങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. ലൂയീസുഗോൺസാഗായെ പുണ്യവാനെന്നു നാമകരണം ചെയ്തതിന്റെ രണ്ടാമത്തെ ശതവർഷാഘോഷമാണല്ലോ ഇക്കൊല്ലം. അതിനാൽ ഇയ്യാണ്ടു പുണ്യവാന്റെ ജീവചരിത്രത്തെപ്പററി ചില വിവരങ്ങൾ നിങ്ങളെ പറഞ്ഞുകേൾപ്പിക്കാം. പുണ്യവാന്മാരെന്നു കേൾക്കുമ്പോൾ സ്വർഗ്ഗത്തിൽനിന്നു പുണ്യവാന്മാരായിതന്നെ ഈ ലോകത്തിലേക്കുവന്ന മനുഷ്യരിൽ മേലെപ്പെട്ട എന്തോ സൃഷ്ടികളെന്നു ചിലർ വിചാരിച്ചുപോകാറുണ്ട്. അതു അബദ്ധമാണ്. പുണ്യവാന്മാരെല്ലാം മനുഷ്യരുതന്നെയാണ്. നമ്മെപ്പോലെയുള്ള മനുഷ്യരാണ്. അവർ സ്വർഗ്ഗത്തിലല്ല ജനിച്ചതു്. ഈ ലോകത്തിൽതന്നെയാണു്. സ്വർഗ്ഗത്തിൽ ആരും ജനിച്ചിട്ടുമില്ല. അതിനൊക്കെയുള്ള സ്ഥലം ഇവിടെത്തന്നെ. ജനിക്കുമ്പോൾ എല്ലാവരും ഒരുപോലെയാണുതാനും. പിന്നെ എന്താണ് വ്യത്യാസം? എങ്ങിനെയാണ് ഈ തരഭേദം ഉണ്ടാകുന്നതു? അതെല്ലാം അവനവന്റെ പ്രവൃത്തിയുടെ ഫലം തന്നെ. ആശാപാശങ്ങളും, സ്വഭാവക്കേടുകളും, തിന്മയിലേക്കുള്ള ചായ്വുകളും, പാപത്തിനുള്ള അവസരങ്ങളും എല്ലാം പുണ്യവാന്മാർക്കും ഉണ്ടായിരുന്നു. പക്ഷെ അവർ അതിനോടെല്ലാം എതിർത്തുനിന്നു വിജയം പ്രാപിച്ചു. അവരും വീഴായ്കയില്ല; പാപത്തിനു അധീനരായി ഇരുന്നിട്ടുമുണ്ട്. വീണാലും ധീരതയോടെ എഴുന്നേററു മുമ്പോട്ടുപോയിരുന്നു. അതുകൊണ്ടു വിജയം പ്രാപിച്ചു. അതുകൊണ്ടു വലിയ പുണ്യപൂർണ്ണതയുടെ പടവിയിലെത്തുകയും കടശി പുണ്യവാന്മാരായിത്തീരുകയും ചെയ്തു. ഇതു ശ്രമിച്ചാൽ ആർക്കും കഴിയുന്നകാര്യമാണ്. അങ്ങിനെ മനഃപൂർവ്വം ശ്രമിച്ചു പുണ്യവാളനായിത്തീർന്ന ഒരു രാജകുമാരനാണ് വി. ലൂയീസുഗോൺസാഗാ. അതൊക്കെ ലൂയീസു പുണ്യവാനു മാത്രം സാധിക്കുന്ന കാര്യം. എന്നെക്കൊണ്ടു നടക്കുകയില്ല എന്നാരും വിചാരിച്ചുപോകണ്ട. മേലാൽ പറയാൻപോകുന്ന സംഗതികൾകൊണ്ടു് ഇതു നിങ്ങൾക്കു ബോധപ്പെടും.

### II. ഈ മാസത്തെ മദ്ധ്യസ്ഥൻ.

വി. ഫ്രാൻസീസ്സു സാലേസ്. (തിരുനാൾ ജനുവരി 29 ശനി.)

പതിനാറാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ ഫ്രാൻസിലാണു ഈ പുണ്യവാൻ ജീവിച്ചിരുന്നതു്. പാരീസിലും പാദുവായിലും ഉന്നതപഠനങ്ങൾ നടത്തിയശേഷം വലിയ ഉദ്യോഗങ്ങളിൽ നിയമിപ്പാൻ പിതാവു ഏർപ്പാടുചെയ്തു. എങ്കിലും അവയെല്ലാം ഉപേക്ഷിച്ചു പുണ്യവാൻ വൈദികാന്തസ്സിൽ പ്രവേശിച്ചു. 1602-ൽ ജനീവായിലെ മെത്രാനായി. ജനനത്താലെ വളരെ കോപശീലനായിരുന്നു. ദീർഘനാളത്തെ ശ്രമംകൊണ്ടു ക്രമേണ തന്നത്താ

ൻ ജയിച്ചു കടശി ശാന്തസ്വഭാവത്തിന്റെ ഉത്തമമാതൃകയായിത്തീൎന്നു. ആറു വീപ്പ വിനാഗിരികൊണ്ടെന്നതിനേക്കാൾ അധികം ഈച്ചകളെ ഒരു തുള്ളി തേൻകൊണ്ടു പിടിക്കാമെന്നു അദ്ദേഹം പറഞ്ഞു വന്നിരിക്കുന്നു. പാപത്തേക്കാൾ മരണം തെരഞ്ഞെടുക്കുന്നതിനു ധൈൎയ്യമുണ്ടാകുവാൻ ഈ മാസം മുഴുവൻ നമ്മുടെ മദ്ധ്യസ്ഥനോടു നമുക്ക് അപേക്ഷിക്കാം.




## III. കെ. സി. സി. ഏ. ഡയറി.

തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടന്ന അവിടത്തെ ബാലസംഘങ്ങളുടെ വാൎഷികസമ്മേളനാനന്തരം കെ. സി. സി. ഏയ്ക്കു അവിടെ അത്ഭുതപൂൎവ്വമായ ഒരു ഉണൎച്ചയുണ്ടായിക്കാണുന്നതിൽ സന്തോഷിക്കുന്നു. തൃശ്ശൂർ പട്ടണത്തിൽ തന്നെ അതിൽ പിന്നെ നാലഞ്ചു പുതിയശാഖകൾ ആരംഭിച്ചിട്ടുണ്ട്. കുഞ്ഞുമക്കളുടെ ഈ ഉണൎച്ച വഴിയായി സമുദായത്തിനുണ്ടാകാവുന്ന ഗുണങ്ങളെപ്പറ്റി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു പല അവസരങ്ങളിൽ പ്രസ്താവിച്ചതായി അറിയുന്നു.

* * *

എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കാവിൽപ്പള്ളി ഇടവകയിലേയും മുട്ടം ഇടവകയിലേയും ബാലസംഘങ്ങളുടെ വാൎഷികയോഗം കേമമായി നടന്നിരിക്കുന്നതായി റിപ്പോർട്ടുകൾ കിട്ടിയിരിക്കുന്നു. വന്ദ്യതിരുമേനിമാരുടെ വാത്സല്യപൂൎവ്വകമായ ലാളനയിൽ കെ. സി. സി. ഏ. മേൽക്കുമേൽ അഭിവൃദ്ധിപ്പെട്ടു വരുന്നതിനു ദൈവം ഇടയാക്കട്ടെ.

* * *

ദീപികയുടെ പ്രതിദിന പ്രസിദ്ധീകരണം സംബന്ധിച്ചു അയച്ചുതന്ന വിജ്ഞാപനങ്ങൾ കിട്ടിയിരിക്കുമല്ലോ. ആദായകരമായ ഈ അവസരത്തെ പാട്ടുള്ള എല്ലാ സംഘങ്ങളും ഉപയോഗപ്പെടുത്തി എടുക്കണമെന്ന് വീണ്ടും ഓൎപ്പിച്ചുകൊള്ളുന്നു.

* * *

സ്ഥലച്ചുരുക്കത്താൽ കഴിഞ്ഞ മാ

സത്തിലെ വരവു ചെലവു പ്രസിദ്ധപ്പെടുത്താതെ നീക്കിവയ്ക്കേണ്ടി വന്നതാണ്. രണ്ടുമാസത്തിലും കൂടെ ആകെ 106 രൂ. 3 ച. 9 കാശു വരവുണ്ട്. അതിൽ 11 രൂ. 7 ച. 2 കാ. ബേങ്കിലിട്ടതുൾപ്പെടെ പൊതുഫണ്ടു ആകെ 82 രൂ. 13 കാശുണ്ടായിരുന്നതിൽ നിന്നു കഴിഞ്ഞ മാസത്തിൽ മരിച്ച കാഞ്ഞിരപ്പള്ളി 8-ാം സംഘാംഗമായ പി. ജെ ചാക്കോയിക്കുവേണ്ടി കുർബാനക്കും ഒപ്പീസിനുമായി ഒന്നര രൂ. ചെലവുണ്ട്.

* * *

നവവത്സരം ഏവക്കും മംഗളമായിത്തീരുന്നതിനു ഉണ്ണിമ്ശിഹാ അനുഗ്രഹിക്കട്ടെ.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈ വിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുൻകൂർ അടച്ചു അപേക്ഷിക്കണം.

വി. കൊച്ചുത്രേസ്യായുടേയും എടക്കുളത്തു അത്ഭുതമാതാവിന്റെയും അനുഗ്രഹത്താൽ ഉദ്യോഗത്തിൽ വീണ്ടും പ്രവേശനം ലഭിച്ചതിന്, യു. കെ. അന്തോനി എടക്കുളം.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്, പി. സി. ഏലി.

തിരുഹൃദയത്തിന്റെയും വി. കൊച്ചുത്രേസ്യായുടേയും ശുദ്ധീകരാത്മാക്കളുടെയും സഹായത്താൽ പരീക്ഷയിൽ ജയിച്ചതിന്, പി. ഒ. കുഞ്ഞേലിക്കുട്ടി തൃശൂർ.

കളഞ്ഞുപോയ പണം വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ തിരികെ കിട്ടിയതിന്, ഇ ദേവസ്യാ ഭരണങ്ങാനം.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ എന്റെ ഭാര്യ അപകടംകൂടാതെ പ്രസവിച്ചതിന്, വി. ആർ. ദേവസ്സി.

(ശേഷം പുറത്താൽ 3-ാം പേജിൽ നോക്കുക.)

## ചരമവാർത്ത.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

ചേർപ്പുങ്കൽ പള്ളി ഇടവക തറപ്പേൽ ചാണ്ടി അവർകൾ നവംബർ 9-ാംനു- 21 വയസ്സ്.

ക. നി. മൂ. സ. ബ. ബ്രൊക്കാർദച്ചനവർകളുടെ ജ്യേഷ്ഠസഹോദരപത്നി കാഞ്ഞിരപ്പള്ളിഇടവക പള്ളിറാട്ടുക്കൽ ശ്രീമതി മറിയാമ്മ നവംബർ 22-ാംനു- 50 വയസ്സ്.

പ്ലാശനാൽപ്പള്ളി ഇടവക പാഴൂരു വീട്ടിൽ ചാക്കോ ഔസേപ്പു അവർകൾ ഡിസംബർ 1-ാംനു- 65 വയസ്സ്.

വള്ളുരുത്തി സുറിയാനിപ്പള്ളിയിടവക കാട്ടിത്തറ കൊച്ചാപ്പു കുഞ്ഞവുസേപ്പു നവംബർ 28-ാംനു-.

ക. നി. മൂ. സ. ബ ഗ്രിഗോരിയോസച്ചൻ അവർകൾ ഡിസംബർ 16-ാംനു- വ്യാഴാഴ്ച വളിംകുന്നു കൊവേന്തയിൽ വച്ചു 75-ാമത്തെ വയസ്സിൽ നിര്യാതനായി. എടത്വാ ഇടവക കരിക്കംപള്ളിൽ കുടുംബത്തിൽ 1861 ഇടവം 12-ാംനു- ജാതനായ ഇദ്ദേഹം 83 ചിങ്ങം 13-ാംനു- കർമ്മലിത്താസഭയിൽ പ്രവേശിച്ചു 86 മീനം 20-ാം തീയതി ഗുരുപ്പട്ടമേററു. വളിംകുന്നു, മുത്തോലി, ചെത്തിപ്പുഴ, ഏൽത്തുരുത്തു എന്ന ആശ്രമങ്ങളിൽ ശ്രേഷ്ഠനായിട്ടും, പൊതുശ്രേഷ്ഠാലോചനക്കാരനായിട്ടും ജോലി നോക്കിയിട്ടുണ്ട്. നിഷ്കപടമായ പെരുമാററത്തിൽ സകലക്കും പ്രത്യേക ഒരു മാതൃകയായിരുന്നു. പല ഇടവകകളിൽ നിന്നായി അനവധി വൈദികരുടെയും വലിയൊരു ജനക്കൂട്ടത്തിന്റെയും സാന്നിദ്ധ്യത്തിൽ പിറേറദിവസം സംസ്കാരകർമ്മം ആഘോഷമായി നടന്നു. R. I. P.

# പഞ്ചാംഗം.

എപ്പകത്തി ൨൬. ·൧൦൪൨ ൧൯൨൮ ഞായറാഴ്ച അക്ഷരം ·൧൩

## ൧൯൨൮ ജനുവരി. ൧൧൦൩ ധനു – മകരം.

| | | | | |
|---|---|---|---|---|
| 1 | 17 | ശ | ✠ ന. ക. ഛേദനാചാരം. ന. കു. പെ. | വെ. |
| | | | ചെപ്പുങ്കൽ, കോസനല്ലൂർ, വടയാർ, പുന്നത്തുറ, രാമപു | |
| | | | രം, കോതമംഗലം, കാഞ്ഞിരപ്പള്ളി തിരുനാൾ. | |
| | 2 18 | ഞാ | ✠ വേദ. എസ്സപ്പാനോസ്സ എട്ടാം ന. ആ. കു. പെ. ൫൨. ൦ ൨ | ച്ചു. |
| ● | 3 19 | തി | ശ്ലീ. യോഹന്നാൻ എട്ടാം ന. ആ. കു. പെ. | വെ. |
| | 4 20 | ചൊ | ശു. കുഞ്ഞിപൈതങ്ങൾ എട്ടാം ന. ആ. കു. പെ. | ച്ചു. |
| | 5 21 | ബു | ദെനഹാ തലെ ന. ആ. കു. തലെ. | വെ. |
| | 6 22 | വ്യാ | ✠ ന. ക. ദെനഹാ വ ദിനം ന. കു. പെ. | വെ. |
| | | | പാലാ, പുളിങ്കുന്നു, എഴപുന്ന, മുട്ടചിറ, മണിമല, മൂവാററുപുഴ. | |
| | 7 23 | വെ | ദെനഹാ എം. ന. കു. പെ. | വെ. |
| | 8 24 | ശ | ദെനഹാ എം. ന. കു. പെ. | വെ. |
| | 9 25 | ഞാ | ✠ ദെനഹാ ൧-ാം ഞാ. ന. കു. ആ. ൭൫൨൭ ·൨ ·൧൩ | വെ. |
| | 10 26 | തി | ദെനഹാ എം. ന. കു. പെ. | വെ. |
| | 11 27 | ചൊ | ദെനഹാ എം. ന. കു. പെ. | വെ. |
| | 12 28 | ബു | ദെനഹാ എം. ന. കു. പെ. | വെ. |
| | 13 29 | വ്യാ | ദെനഹാ എട്ടാം. ന. കു. പെ. എട്ടാം. | വെ. |
| | 14 1 | വെ | അ. മൗ. ഹില്ലാരി. ന. ആ. കു. പെ. | വെ. |
| | 15 2 | ശ | വന. പൗലോസ്സ ന. ആ. കു. പെ. | വെ. |
| | 16 3 | ഞാ | ✠ ദനഹാ ൨-ാം ഞാ. ന. കു. ആ ·൧൫ ·൧൩ ·൨ | പ. |
| ◐ | 17 4 | തി | ആബാ. അന്തോനീസ്സ ന. ആ. കു. പെ. | വെ. |
| | 18 5 | ചൊ | പത്രോ. ശ്ലീ. റോമ്മാ സിംഹാസനം ന. ആ. കു. പെ. | വെ. |
| | 19 6 | ബു | വേ. മരിയോസ്സും കൂട്ടരും ന. ആ. കു. പെ. | ച്ചു. |
| | 20 7 | വ്യാ | വേ. പവിയാനോസ്സും സെബസ്ത്യാനോസ്സും ന. കു. പെ. | ച്ചു. |
| | | | അത്തുങ്കൽ, ചങ്ങനാശേരി, കടനാട്ട്, കുറവിലങ്ങാട്ട്, | |
| | | | കോന്തുരുത്തി, ചിറക്കടവു, എങ്ങണ്ടിയൂർ. | |
| | 21 8 | വെ | ക. വേ. അഗ്നേസ് ന. ആ. കു. പെ. | ച്ചു. |
| | 22 9 | ശ | വേ. വിന്നസന്തിയോസ്സും കൂട്ട. ന. ആ. കു. പെ. | ച്ചു. |
| | 23 10 | ഞാ | ✠ ദെനഹാ ൩-ാം ഞാ. ന. കു. ആ. ·൫൨ ·൧ ·൧൩ | പ. |
| | | | മററക്കര, ആളൂർ തിരുക്കുടുംബ. തിരുനാൾ. | |
| | 24 11 | തി | അ. വേ. തീമാത്തെയോസ്സ. ന. ആ. കു. പെ. | ച്ചു. |
| | 25 12 | ചൊ | പൗലോസ്സ ശ്ലീ. മനസ്സുതിരിവു ന. ആ. കു. പെ. | വെ. |
| | | | അതിരമ്പുഴ, കള്ളിക്കാട്ടു വിശുദ്ധ സെബസ്ത്യാ. തിരുനാൾ. | |
| | 26 13 | ബു | അ. വേ. പൊലികാർപ്പു ന. ആ. കു. പെ. | ച്ചു. |
| | 27 14 | വ്യാ | അ. മൗ. യോഹ. ക്രീസോസ്തോം. ന. ആ. കു. പെ. | വെ. |
| | 28 15 | വെ | ക. വേ. അഗ്നേസ്സ. ദ്ീതത്തേൻ ന. ആ. കു. പെ. | ച്ചു. |
| | 29 16 | ശ | ✱ അ. മൗ. മ. പ്രംസീ. സാലസ്സ. ന. ആ. കു. പെ. | വെ. |
| | 30 17 | ഞാ | ✠ ദെനഹാ ൪-ാം ഞാ. ന. കു. ആ. ·൭൧൩ ·൭ ·൨ | പ. |
| | | | ചൊവ്വാ ഇറച്ചിവിലക്ക – ബുധൻ തിരുനാൾക്കടം. | |
| | 31 18 | തി | ✱ മൗ. പത്രോസ്സ നൊളാസ്കോ ന. ആ. കു. പെ. | വെ. |

Printed and Published for the Proprietor by P K. Joseph at the
St. Joseph's Press, Mannanam. 1927.